KOTTAYAM PUBLIC LIBRARY

Call No. M297
Mud-H

Acc. No. 143[illegible]3

Author മുഹമ്മദ് സാഹിബ്. എ

Title ഹസ്രത്ത് ലുക്മാന്റെ നൂറ് ഉപദേശങ്ങൾ

M297
MUH-H

94⁸

14353

# ഹസ്രത്തു ലുക്മാൻെറ
# ആറു് ഉപദേശങ്ങൾ

14353

KOTTAYAM PUBLIC LIBRARY
KOTTAYAM.

NATIONAL BOOK STALL
S.P.C.S. LTD.
BR. KOTTAYAM

എ. മുഹമ്മദുസാഹിബ്

166

അഞ്ചാംപതിപ്പ്

കോപ്പി 2000

297

1129

പകപ്പവകാശം] [4 ണ.

# ഹസ്രത്തു ലുക്മാൻെറ

# നൂറ് ഉപദേശങ്ങൾ

ബി.

വിശുദ്ധ ഖുർആൻ ശരീഫിൽ 'ലുക്മാൻ' എന്ന പേരിൽ ഒരദ്ധ്യായം വെളിപ്പെടുത്തപ്പെട്ടിരിക്കുന്നതിൽ നിന്നും ഹ: ലുക്മാൻെറ മഹത്വം പ്രസ്പഷ്ടമാകുന്നുണ്ടു്. ഹ: ലുക്മാന്ന് അല്ലാഹുവിൻെറ ഏകത്വത്തിലുള്ള വിശ്വാസത്തെക്കുറിച്ചും അദ്ദേഹം പുത്രന്ന നല്കുന്ന ഉപദേശങ്ങളെപ്പററിയും ഖുർആനിൽ പ്രസ്താവിച്ചിട്ടുണ്ടു്. ഇതിൽക്കൂടുതലായി ഹ: ലുക്മാനെ സംബന്ധിച്ചുള്ള വിവരങ്ങളൊന്നും ഖുർആനിൽ വന്നിട്ടില്ല. ഹ: ലുക്മാൻ ഒരു നബിയായിരുന്നോ അല്ലയോ എന്ന വിഷയത്തിൽ ഒരു ദൃഢമായ അഭിപ്രായം രൂപീകരിക്കപ്പെട്ടിട്ടില്ല. എന്നാൽ അദ്ദേഹത്തിൻെറ മഹത്വത്തെ സംബന്ധിച്ചിടത്തോളം ഉലമാക്കളെല്ലാം ഏകാഭിപ്രായക്കാരായിത്തീർന്നിരിക്കുന്നു. അല്ലാഹു തആലാ ഹ: ലുക്മാന്ന 'ഹിക്കമത്ത്' നല്കിയനുഗ്രഹിച്ചതു് അദ്ദേഹത്തിൻെറ മഹത്വത്തിന്ന സർവ്വോപരി തെളിവായിരിക്കുന്നു.

ഹ: ലുക്മാൻെറ മാതാപിതാക്കന്മാരെപ്പററിയോ ജന്മദേശത്തെസംബന്ധിച്ചോ സൂക്ഷ്മമായ വിവരങ്ങളൊന്നും ഗ്രന്ഥങ്ങളിൽ പ്രസ്താവിച്ചുകാണുന്നില്ല. അദ്ദേഹം അബ്സീനിയായിൽ 'ലോബാ' എന്ന സ്ഥലത്തു താമസിച്ചിരുന്നതായും, ആടുമേയ്ക്കുന്ന ജോലിയിൽ ഏർപ്പെട്ടിരുന്ന അദ്ദേഹം ജനങ്ങളോടു മഹത്തായ ഉപദേശങ്ങൾ ചെയ്തു വന്നിരുന്നതായും ചിലർ അഭിപ്രായപ്പെട്ടുകാണുന്നു. ഹ: ലുക്മാൻ ഒരുദിവസം ജനങ്ങൾക്കു പല ഉപദേശങ്ങൾ

നല്കികൊണ്ടിരിക്കവെ അദ്ദേഹത്തിൻെറ ബാല്യസ്നേഹി തന്മാരിൽ ചിലർ അവിടെ വരികയും അദ്ദേഹത്തിൻെറ വിദ്വത്വത്തിൽ അത്ഭുതാധീനരായിത്തീൎന്ന അവർ അദ്ദേഹത്തോട്ട് ഇങ്ങനെ ചോദിക്കുകയും ചെയ്തു. "ലുക്മാനേ! നീ ഞങ്ങളോടുകൂടി ആടുമേയ്ക്കുന്നവനായിരുന്നല്ലോ. സാരഗൎഭങ്ങളായ ഉപദേശങ്ങൾ നീ എങ്ങനെ പഠിച്ചു? നീ ഈ ഉയൎന്ന നിലയെ പ്രാപിച്ചതെങ്ങനെ?" ഹ: ലുക്മാൻെറ മറുപടി ഇപ്രകാരമായിരുന്നു: "സത്യം പറയുക, വിശ്വസ്തത പാലിക്കുക, ആവശ്യമില്ലാത്തകാൎയ്യത്തിൽ പ്രവേശിക്കാതിരിക്കുക എന്നീ മൂന്നു കാൎയ്യങ്ങളാൽ ഞാൻ ഈ നിലയെ പ്രാപിച്ചു."

ഹസ്രത്തു ലുക്മാനെ സംബന്ധിച്ച് ഇപ്രകാരം ഒരു ചരിത്രമുണ്ട്. ഹ: ലുക്മാൻ അദ്ദേഹത്തിൻെറ ഏതോ ഉദ്ദേശസാദ്ധ്യത്തിനായി ഒരിയ്ക്കൽ ഒരാളിൻെറ അടിമയായി ജീവിച്ചിരുന്നു. ഇങ്ങനെ താമസിച്ചുവരവെ ഹ: ലുക്മാനെ അദ്ദേഹത്തിൻെറ യജമാനൻ മറ്റൊരു പ്രഭുവിനു വിററു. പുതിയ യജമാനൻെറ ഇഷ്ടാനുസരണമുള്ള പരിചൎയ്യകളിൽ വ്യാപൃതനായി അദ്ദേഹം പകൽ മുഴുവനും യജമാനൻെറ അടുക്കൽതന്നെ കഴിഞ്ഞിരുന്നു. ഇശാനമസ്കാരത്തിനുശേഷം ഹ: ലുക്മാൻ യജമാനനു സലാംപറഞ്ഞുകൊണ്ടു പിരിഞ്ഞുപോയി ഏകാഗ്രതയോടുകൂടി അല്ലാഹുവിൻെറ ആരാധനയിൽ ഏൎപ്പെടുകയും അൎദ്ധരാത്രിവരെ അങ്ങനെ കഴിഞ്ഞതിൽപിന്നീടു തൻെറ യജമാനനെ വിളിച്ചുണൎത്തി ഇപ്രകാരം പറയുകയും ചെയ്യുക പതിവായിരുന്നു: "യജമാനനേ! അല്ലാഹുവിൻെറ അനുഗ്രഹങ്ങളും മാപ്പും അൎത്ഥിക്കേണ്ട സമയമാണിതു്. പാപികളായ അടിമകൾ അവയെ പ്രതീക്ഷിച്ചിരിക്കേണ്ടതാകുന്നു. അടിമകൾ അൎത്ഥിക്കുന്ന ഏതൊന്നും അവൻ സാധിച്ചുകൊടുക്കാതിരിക്കുകയില്ല." ഹ: ലുക്മാൻ എല്ലാദിവസവും ഇങ്ങനെ പറഞ്ഞുവന്നുവെങ്കിലും അദ്ദേഹത്തിൻെറ യജമാ

നനായ പ്രഭുവിനു യാതൊരു മാനസാന്തരവും ഉണ്ടായില്ല. "അ്ടിമേ! അല്ലാഹു സവ്വശക്തനും, ക്ഷമാനിധിയും ഉദാരനുമാകുന്നു. അവനെ ആരാധിക്കുന്നവക്കും ആരാധിക്കാത്തവക്കും അവൻ മാപ്പുചെയ്തുകൊടുക്കും." എന്നു പ്രഭു സമാധാനം പറഞ്ഞിരുന്നു. ഈ മറുപടി കേട്ടുകൊണ്ടു് ഹ: ലുക്മാൻ വീണ്ടും ആരാധനയ്ക്കു പോകുകയും പ്രഭാതനമസ്കാരത്തോടുകൂടി അതിൽനിന്നു വിരമിക്കുകയും ചെയ്തുവന്നു. ഹ: ലുക്മാൻ പ്രഭാതസമയത്തു തൻെറ യജമാനനോടുള്ള നന്ദിയെ നിറവേററണമെന്നുള്ള വിചാരത്തോടുകൂടി അദ്ദേഹത്തിൻെറ അടുക്കൽ ചെന്നു് അദ്ദേഹത്തെ വിളിച്ചുണത്തുകയും ഇപ്രകാരം പറയുകയും ചെയ്യും: "യജമാനനേ! പ്രഭാതമായിരിക്കുന്നു. എല്ലാ ജീവികളും അല്ലാഹുവിനെ സ്മരിക്കുവാൻവേണ്ടി ഉണന്നിരിക്കുന്നു. അങ്ങും എഴുന്നേററു് അല്പസമയം അല്ലാഹുവിനെ ധ്യാനിക്കുക." ഹ: ലുക്മാൻ എത്രതന്നെ ശ്രമിച്ചിട്ടും രാവിലെ ഉണന്നെഴുന്നേല്ക്കുവാൻ ആ പ്രഭുവിനു സന്മനസ്സുണ്ടായില്ല. ഇങ്ങനെ കുറച്ചുനാൾ കഴിഞ്ഞു. ഒരിയ്ക്കൽ ആ പ്രഭു തൻെറ വയലിൽ ഗോതമ്പു വിതയ്ക്കുവാൻ ഹ: ലുക്മാനെ ചുമതലപ്പെടുത്തി അയച്ചു. ലുക്മാനാകട്ടെ യജമാനൻ ഏല്പിച്ച ഗോതമ്പിനു പകരം വയലിൽ വിതച്ചതു് കടലയായിരുന്നു. ഏതാനും ദിവസം കഴിഞ്ഞു് ആ പ്രഭു ലുക്മാനോടൊന്നിച്ചു കൃഷിസ്ഥലങ്ങൾ പരിശോധിക്കാൻ പോയി. ഗോതമ്പു വിതയ്ക്കുവാൻ ഏപ്പാടുചെയ്തിരുന്ന വയലിൽ കടല വളന്നു നില്ക്കുന്നതു കണ്ടിട്ടു പ്രഭു വിസ്മയത്തോടുകൂടി ചോദിച്ചു: "ലുക്മാനേ! ഇവിടെ വിതയ്ക്കുവാൻ ഞാൻ ഗോതമ്പാണല്ലോ ഏല്പിച്ചതു്. ഈ കടല ഇവിടെ എങ്ങനെ ഉണ്ടായി?" ഹ: ലുക്മാൻ പറഞ്ഞു: "അല്ലാഹു സവ്വശക്തനും ഉദാരനുമല്ലയോ. അവൻ ഗോതമ്പിനെ കടലയാക്കിത്തന്നതായിരിക്കും." തൻെറ അടിമ ബുദ്ധിശൂന്യനാണെന്നുള്ള ഭാവത്തിൽ പ്രഭു പറഞ്ഞു: "ലുക്മാനേ!

അല്ലാഹുത്തആലാ സർവ്വശക്തനും ഉദാരനുംതന്നെയാണ്. അതിൽ സംശയമേയില്ല. എന്നാൽ ഗോതമ്പു വിതച്ചാൽ അതു കടലയായിത്തീരുകയെന്നുള്ളതു് സംഭവ്യമല്ല." ഹ: ലുക്മാൻ പറഞ്ഞു: "യജമാനനേ! ഗോതമ്പു കടലയായി മാറുകയില്ലെങ്കിൽ മതിമറന്നു് ഉറങ്ങുന്ന അങ്ങേയ്ക്കു് സ്വർഗ്ഗീയസുഖം അനുഭവിക്കാൻ സാധിക്കുന്നതു് എങ്ങനേയാണെന്നു ചിന്തിച്ചുനോക്കുക." ഈ മഹത്തായ ഉപദേശം നിമിത്തം ആ പ്രഭു നേർമാർഗ്ഗത്തിൽ ആയിത്തീൎന്നു.

ഒരുദിവസം ഹ: ലുക്മാൻെറ യജമാനൻ അദ്ദേഹത്തോടു് ഒരാടിനെ അറുത്തു് അതിൻെറ അവയവങ്ങളിൽ ഏത്രയും പ്രധാനമായതിനെ പൊരിച്ചുകൊടുക്കണമെന്നാവശ്യപ്പെട്ടു. ഹ: ലുക്മാൻ ഒരാടിനെ അറുത്തു് അതിൻെറ നാക്കും കരളും പാകംചെയ്തു് യജമാനനു നല്കി. കുറച്ചു ദിവസം കഴിഞ്ഞു് യജമാനൻ ഹ: ലുക്മാനോടു് ഒരാടിൻെറ അപ്രധാനമായ ഭാഗത്തെ പൊരിച്ചുകൊണ്ടുവരാൻ പറഞ്ഞു. ഹ: ലുക്മാൻ, മുമ്പു ചെയ്തതുപോലെതന്നെ ആടിൻെറ കരളും നാക്കും പൊരിച്ചു് യജമാനനു നല്കി. അപ്പോൾ ലുക്മാനോടു് അദ്ദേഹത്തിൻെറ യജമാനൻ ചോദിച്ചു: "ലുക്മാനേ! ഞാൻ ഒരാടിൻെറ പ്രധാനഭാഗം ആവശ്യപ്പെട്ടപ്പോഴും, അപ്രധാനഭാഗം ആവശ്യപ്പെട്ടപ്പോഴും നിങ്ങൾ അതിൻെറ കരളും നാക്കുമാണു് എനിക്കു പാകംചെയ്തുതന്നതു്. അതിനുള്ള കാരണമെന്താണു്?" ലുക്മാൻ പറഞ്ഞു: "ശരീരത്തിൽ ഏററവും നല്ല ഭാഗങ്ങൾ കരളും നാവുമാകുന്നു. അവതന്നെയാണു് ഏത്രയും ദുഷിച്ചതായിട്ടും തീരുന്നതു്. ഹൃദയം ദുർവ്വിചാരങ്ങളിൽ നിന്നും നാവു ദുർവ്വാൎത്തകളിൽനിന്നും അകന്നിരുന്നാൽ അവ ഏത്രയും നന്നായിരിക്കും. നേരേമറിച്ചാണെങ്കിൽ അവ ഏത്രയും ദുഷിച്ചതായും തീരും." ഈ സാരവത്തായ ഉപദേശം നിമിത്തം ആ പ്രഭുവയ്യൻ ഹ: ലുക്മാൻെറ കൈ പിടിച്ചു ചുംബിച്ചു് അദ്ദേഹത്തോടുള്ള ബഹുമാനം പ്രദശി

പ്പിക്കുകയും അദ്ദേഹത്തെ അടിമത്തത്തിൽനിന്നു വിമുക്തനാക്കുകയും ചെയ്തു.

ഹ: ലുക്മാനെ സംബന്ധിച്ചു താഴെ പറയുന്ന പ്രകാരമുള്ള ഒരു കഥ പ്രസ്താവിച്ചുകാണുന്നു. ഒരിയ്ക്കൽ ഒരു പ്രഭുവിൻെറ അടിമ ഒളിച്ചോടിപ്പോയിരുന്നതിനാൽ അവനെ അന്വേഷിച്ചു നടന്നിരുന്നവർ രൂപസാമ്യംകൊണ്ടു് ഹ: ലുക്മാനെ സംശയിച്ചു പിടിച്ചുകൊണ്ടുപോയി പ്രഭുവിനെ ഏല്പിച്ചു. ഹ: ലുക്മാൻ യാതൊരെതിരഭിപ്രായങ്ങളും പുറപ്പെടുവിക്കാതെ ഒരടിമയെന്ന നിലയിൽ താൻ നിർവ്വഹിക്കേണ്ട കൃത്യങ്ങളെ വീഴ്ചകൂടാതെ നടത്തിക്കൊണ്ടിരുന്നു. ഇങ്ങനെ കുറച്ചുനാൾ കഴിഞ്ഞു. ഇതിനിടയ്ക്കു താൻ ആരാണെന്നോ, അവിടെ വന്നുചേർന്നതു് ഏതുവിധമാണെന്നോ ഹ: ലുക്മാൻ ആ പ്രഭുവിനെ അറിയിക്കുകയുണ്ടായില്ല. തന്നോടു് എന്തെങ്കിലും ചോദ്യങ്ങളുണ്ടാകാത്തവിധം ഹ: ലുക്മാൻ ഒഴിഞ്ഞു പെരുമാറിവന്നതിനാൽ പ്രഭുവിനും വാസ്തവസ്ഥിതി ഗ്രഹിക്കുന്നതിനവസരമുണ്ടായില്ല. എന്നാൽ ആ പ്രഭുഗൃഹത്തിൽനിന്നും ഒളിച്ചോടിപ്പോയിരുന്ന അടിമ സ്വയം തിരിച്ചുവരികയും ഹ: ലുക്മാൻെറ യഥാർത്ഥസ്ഥിതി പ്രഭു ഗ്രഹിക്കുകയും നിരപരാധിയായ ഒരാളെ ഒരുവർഷംവരെ അടിമയാക്കിവയ്ക്കാൻ ഇടയാക്കിയ തൻെറ ബുദ്ധിശൂന്യതയെ ഓർത്തു് ലജ്ജിതനായി അദ്ദേഹം ഹ: ലുക്മാനോടു മാപ്പു് അപേക്ഷിക്കുകയും ചെയ്തു.

ഒരു സംവത്സരക്കാലത്തെ അടിമജീവിതത്തിൽനിന്നും വിമുക്തനായശേഷം ഹ: ലുക്മാൻ 'നോർദീ'മൈതാനത്തിൽ വസിച്ചിരുന്നതായി ഒരു നിവേദത്തിൽ പ്രസ്താവിച്ചു കാണുന്നു. അക്കാലത്തു് ഒരുദിവസം ചില മലക്കുകൾ ഹ: ലുക്മാൻെറ അടുക്കൽ വരികയും, അദ്ദേഹത്തെ അല്ലാഹുവിൻെറ പ്രതിനിധിയാക്കുവാനാണു് അവർ വന്നതെന്നു

പറയുകയും ചെയ്തു. "എൻെറ സമ്മതംക്രൂടാതെ എന്നെ ഖലീഫാ (പ്രതിനിധി) ആക്കുവാൻ കല്പനയുണ്ടായോ?" എന്ന് ഹ: ലുക്മാൻ അവരോടു ചോദിച്ചു. "അങ്ങ്. ഖലീഫയായിരിക്കാൻ ഇഷ്ടപ്പെടുന്നില്ലേ?" എന്നു മലക്കുകൾ ചോദിച്ചു. ഹ: ലുക്മാൻ പറഞ്ഞു: "ലോകത്ത് ഒരു ഭരണാധികാരിക്കു നീതിനിർവ്വഹണത്തിൽ പല തെററുകളും സംഭവിച്ചു എന്നുവരാം. അപ്രകാരം എന്തെങ്കിലും തെററു പററിപ്പോയാൽ ഞാൻ അല്ലാഹുവിൻെറ ശിക്ഷയ്ക്ക് അർഹനായി ഭവിക്കുന്നതാണ്. മാത്രമല്ല, നീതിനിർവ്വഹണവിഷയത്തിൽ എനിക്കു ജനങ്ങളുടെ അതൃപ്തിയേയും സമ്പാദിക്കേണ്ടതായിവരും." ഹ: ലുക്മാൻ തൻെറ ഇംഗിതത്തെ വെളിപ്പെടുത്തിയപ്പോൾ അദ്ദേഹത്തിൻെറ അഭിമതാനുസരണമുള്ള കല്പന അല്ലാഹുവിൽനിന്നും മലക്കുകൾക്കു ലഭിച്ചു. "ലുക്മാനെ ഈ വിഷമമേറിയ സംഗതിക്കു നിർബ്ബന്ധിക്കേണ്ടതില്ല. നാം അവന് ആത്മജ്ഞാനത്തെ പ്രദാനംചെയ്തുകഴിഞ്ഞിരിക്കുന്നു."

വിശുദ്ധ ഖുർആൻ ശരീഫിൽ ലുക്മാൻ എന്നൊരു അദ്ധ്യായത്തെ അല്ലാഹു വെളിപ്പെടുത്തിയിരിക്കുന്നു. "നാം ലുക്മാനു ജ്ഞാനത്തെ പ്രദാനംചെയ്തു. അല്ലാഹുവിനു നന്ദി പ്രകടിപ്പിക്കുവാൻ കല്പിച്ചു. ഏതൊരുവൻ നന്ദികാണിക്കുന്നുവോ അവൻ സ്വന്തം നന്മയ്ക്കുവേണ്ടിയാണു നന്ദികാണിക്കുന്നതു്. ആരെങ്കിലും (അതിനെ) നിരാകരിക്കുന്നതായാൽ (അവൻ തനിക്കുതന്നെയായിരിക്കും തിന്മയെ ഉണ്ടാക്കുന്നതു്. അല്ലാഹുവിനു തന്മൂലം ഒരു നഷ്ടവും ഉണ്ടാകുന്നില്ല. എന്തുകൊണ്ടെന്നാൽ) നിശ്ചയമായും അല്ലാഹു അനാശ്രയനും സ്തുത്യർഹനുമാകുന്നു."

## ഹ: ലുക്മാൻെറ ഉപദേശങ്ങൾ

ഹ: ലുക്മാൻ തൻെറ പുത്രനു നല്കിയ സദുപദേശങ്ങളെ ഖുർആനിൽ ഇപ്രകാരം വിവരിച്ചിരിക്കുന്നു.

"ലുക്മാൻ തൻെറ പുത്രന്ന സദുപദേശം നല്കാനൊരു ങ്ങിയ സമയത്തു് അവനോട്ടു് ഇങ്ങനെ പറഞ്ഞു: എൻെറ പ്രിയപുത്രാ! നീ അല്ലാഹ്ഹുവിന്നു് (ഒന്നിനേയും) സമപ്പെട്ട ത്തരുതു്. എന്തുകൊണ്ടെന്നാൽ സമപ്പെടുത്തുന്നതു നിശ്ച യമായും മികച്ച അപരാധമാകുന്നു.

(അല്ലാഹ്ഹ ഇങ്ങനെ കല്പിച്ചിരിക്കുന്നു.) "മനുഷ്യ നോട്ടു് അവൻെറ മാതാപിതാക്കന്മാൎക്ക നന്മചെയ്യാൻ നാം അനുശാസിച്ചിരിക്കുന്നു. അവൻെറ മാതാവു് വിഷമ ത്തിനുമേൽ വിഷമംസഹിച്ചുകൊണ്ടു് (ഗൎഭത്തിൽ) അവനെ ചുമന്നു. (പ്രസവിച്ചതിൽ) പിന്നീട്ടും രണ്ടുവൎഷം കഴിഞ്ഞേ അവൻ മുലകുടി നിറുത്തുന്നുള്ളു. അതിനാൽ നീ എന്നി ക്കും നിൻെറ മാതാപിതാക്കന്മാൎക്കും നന്ദികാണിക്കുക. എന്നിലേയ്ക്കാണു നിങ്ങൾ മടങ്ങിവരേണ്ടതു്.

എന്നാൽ നിനക്കറിവില്ലാത്ത ഏതിനെയെങ്കിലും എനിക്കു തുല്യമാക്കി ആരാധിക്കണമെന്നു് അവർ നിന്നെ നിർബ്ബന്ധിക്കുന്നതായാൽ (അക്കാൎയ്യത്തിൽ) നീ അവരെ അനുസരിക്കേണ്ടതില്ല. എങ്കിലും ലോകജീവിതത്തിൽ നീ അവരോട്ടു നല്ല നിലയിൽ പെരുമാറുകയും എന്നി ലേയ്ക്കു തിരിയുന്നവരുടെ മാൎഗ്ഗത്തെ പിൻതുടരുകയും ചെ യ്യുക. ഒടുവിൽ നിങ്ങളെല്ലാവരും മടങ്ങുന്നതു് എന്നിലേ യ്ക്കാണു്. നിങ്ങൾ പ്രവൎത്തിച്ചിരുന്നവയെപ്പററി അപ്പോൾ ഞാൻ നിങ്ങളെ അറിയിക്കുന്നതാണു്".

(ഹ: ലുക്മാൻ തുടൎന്നുപറഞ്ഞു:) എൻെറ പ്രിയ പുത്രാ! (നന്മയാകട്ടെ തിന്മയാകട്ടെ) അതു് ഒരു കടുകള വായിരുന്നാലും, അതു പാറയ്ക്കുള്ളിലോ അല്ലെങ്കിൽ ആകാശങ്ങളിലോ ഭൂമിയ്ക്കുള്ളിലോ ഇരുന്നാലും (കണക്കെ ടുക്കുമ്പോൾ) അല്ലാഹ്ഹ അതിനെ വെളിപ്പെടുത്തുന്നതാണു്. നിശ്ചയമായും അല്ലാഹ്ഹ സൂക്ഷ്മമായി അറിയുന്നവനും (അവ യെസംബന്ധിച്ചു്) ശരിയായ പരിജ്ഞാനമുള്ളവനുമാകുന്നു.

എൻെറ പ്രിയപുത്രാ! നമസ്കാരത്തെ കൃത്യമായി അനുഷ്ഠിക്കുകയും, നന്മയെ ഉപദേശിക്കുകയും, തിന്മയെ വിരോധിക്കുകയും ചെയ്യുക. നിനക്കുണ്ടാകുന്ന കഷ്ടതകളിൽ ക്ഷമ കൈക്കൊള്ളുക. നിശ്ചയമായും ഇതെല്ലാം മഹൽക്കാര്യങ്ങളാകുന്നു.

(അഹംഭാവത്താൽ) നിൻെറ മുഖത്തെ മനുഷ്യരിൽ നിന്നും തിരിക്കരുത്. ഭൂമിയിൽ അഹങ്കരിച്ചു നടക്കരുത്. നിശ്ചയമായും അഹങ്കരിക്കുന്ന ഗർവ്വിഷ്ഠന്മാരെ അല്ലാഹു സ്നേഹിക്കുന്നില്ല.

നിൻെറ നടത്തയിൽ മദ്ധ്യനിലയെ കൈക്കൊള്ളുക. നിൻെറ സ്വരത്തെ താഴ്ത്തുകയും ചെയ്യുക. നിശ്ചയമായും ശബ്ദങ്ങളിൽ വെറുക്കത്തക്കതു കഴുതയുടെ (ഉച്ചത്തിലുള്ള) ശബ്ദമാകുന്നു."

1. "അല്ലാഹുത്തആലായുടെ അനുഗ്രഹങ്ങൾക്കു നന്ദി പ്രകടിപ്പിക്കുക."

അല്ലാഹുവിൻെറ അനുഗ്രഹം ഇഹലോകത്തും പരലോകത്തും ഉണ്ടാകുന്നു. സർവ്വത്തിൻേറയും അധിനാഥനായ അല്ലാഹുവിൻെറ അനുഗ്രഹങ്ങൾക്കു മനുഷ്യൻ എപ്രകാരമാണു നന്ദി പ്രകടിപ്പിക്കേണ്ടതു്? മനുഷ്യൻ അവൻെറ ശരീരത്തിലുള്ള എല്ലാ അവയവങ്ങളേയും അതാതിനു നിശ്ചയിച്ചിട്ടുള്ള സൽപ്രവൃത്തികളിലേയ്ക്കു തിരിക്കുന്നതായാൽ അതുതന്നെയായിരിക്കും നന്ദിപ്രകടനം. ശാഹ് അബ്ദുൽ അസീസു ദഹ്‌ലവി (റ) തൻെറ തഫ്സീറിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: "ഒരു സന്താനലാഭമുണ്ടായാൽ അതിനുള്ള നന്ദിപ്രകടനം, ആ ശിശു ജനിച്ചതിൻെറ ഏഴാംദിവസം അതിൻെറ തലമുടിയിറക്കി ആ തലമുടിയുടെ തൂക്കത്തോളം സ്വർണ്ണമോ വെള്ളിയോ ദാനംചെയ്യുന്നതും, അക്കീക്ക (ആടിനെ അറുത്തു് അതിൻെറ മാംസത്തെ ദാനംചെയ്യുന്നതു്) കൊടുക്കുന്നതുമാകുന്നു. ഒരു പുതിയ

വസ്ത്രം ലഭിച്ചാൽ അതിൻെറ നന്ദിപ്രകടനമായി തൻെറ പഴയ വസ്ത്രത്തെ അഗതികളിൽ ഒരുവന്ന കൊടുക്കേണ്ടതാകുന്നു. റമസാൻനോമ്പു നോല്ക്കുന്നതിന്ന കഴിവു നല്കിയതിന്ന ഫിത്ത്ർസദക് കൊടുത്തു നന്ദി പ്രദർശിപ്പിക്കേണ്ടതാണു്. ആഹാരംകഴിക്കുക, ദാഹശമനംവരുത്തുക എന്നിവയിലും ഉറങ്ങുകയും ഉണരുകയും ചെയ്യുന്നതിലും നന്ദിപ്രകടനമായി അതാതിൻെറ സമയങ്ങളിൽ സുന്നത്തായ ദിക്റുകളെ ചെയ്യണം. താൻ കൃഷിചെയ്തതിൽനിന്നും ധാന്യങ്ങളും കായ്കനികളും ലഭിച്ചതിന്നുള്ള നന്ദിപ്രകടനം അവ മററുള്ളവരും ഭക്ഷിക്കുന്നതിനെ തടയാതിരിക്കുകയാകുന്നു. അഗതികളെ സഹായിക്കുന്നതാണു് തൻെറ തൊഴിലിന്നുവേണ്ടിയുള്ള നന്ദിപ്രകടനം. തനിക്കു ലഭിച്ച ജ്ഞാനത്തിന്നു് നന്ദി പ്രദർശിപ്പിക്കുന്നതു് വിശുദ്ധഖുർആനേയും മതപരമായ സംഗതികളേയും ജനങ്ങൾക്കു പഠിപ്പിക്കുന്നതിലാകുന്നു.

ഒരു മനുഷ്യന്ന രണ്ടു ഗുണങ്ങൾ അവശ്യം വേണ്ടതാകുന്നു. (1) മതപരമായ കാര്യങ്ങളിൽ അവൻെറ ദൃഷ്ടി അവനെക്കാൾ ഉന്നതനിലയിലുള്ള ആളിലേയ്ക്കായിരിക്കണം. അപ്പോൾ അവന്നു് തൻെറ തെററുകളെ മനസ്സിലാക്കാൻ കഴിയും. തെററു് സംഭവിച്ചിട്ടുണ്ടെങ്കിൽ അതിൽ പശ്ചാത്തപിക്കേണ്ടതാകുന്നു.

(2) ലൌകികകാര്യങ്ങളിൽ അവൻെറ ദൃഷ്ടി തന്നിൽനിന്നും താഴ്ന്ന നിലയിലുള്ളവരിലേയ്ക്കായിരിക്കണം. അവരെ അപേക്ഷിച്ചു തനിക്കു് അല്ലാഹു നല്കിയിട്ടുള്ള അനുഗ്രഹങ്ങൾക്കുവേണ്ടി നന്ദി പ്രകടിപ്പിക്കേണ്ടതാണു്. ഈവിധം രണ്ടു ഗുണങ്ങളുമുള്ള ഒരാളാണു് അല്ലാഹുവിന്ന നന്ദി പ്രകടിപ്പിക്കുന്നവനായിത്തീരുന്നതു്.

2. "അല്ലാഹുവിനോടു യാതൊന്നിനേയും സമപ്പെടുത്തി ആരാധിക്കാതിരിക്കുക."

ഏകനായ അല്ലാഹുവിനോടു മററൊരു വസ്തുവിനെ സമപ്പെടുത്തുന്നതിനു 'ശിർക്ക്' എന്നു പറയുന്നു. അല്ലാഹു വിനു പ്രത്യേകമായുള്ള ഗുണങ്ങൾ സൃഷ്ടികളിൽ ഒന്നിനും തന്നെ ഇല്ല. ആ സ്ഥിതിക്കു അല്ലാഹുവിൻെറ ഗുണങ്ങൾ മററുള്ളവയ്ക്കുണ്ടെന്നു വിശ്വസിക്കുന്നതു ശിർക്ക് ആകുന്നു. ഒരു സന്താനത്തെ പ്രദാനംചെയ്യാനോ, അല്ലെങ്കിൽ ഒരു മഹാരോഗത്തെ മാററാനോ, അന്യൻെറ ആഗ്രഹത്തെ നിവ്വഹിച്ചുകൊടുക്കുവാനോ ഒരു മനുഷ്യനു്, അവൻ ഏതൊരു മഹൽസ്ഥാനത്തെ പ്രാപിച്ചവനായിരുന്നാലും ശരി, അവനു കഴിയുന്നതല്ല. സൃഷ്ടികൾക്കു മേല്പറഞ്ഞ കായ്യങ്ങൾ നിവ്വഹിക്കാൻ ശക്തിയുണ്ടെന്നു വിശ്വസിച്ച് അവയ്ക്കു നേച്ച നടത്തുകയും, അവയുടെ നാമങ്ങൾ ജപി ക്കുകയും ചെയ്യുന്നതു് അവയെ അല്ലാഹുവിനോടു സമപ്പെ ടുത്തുകയാകുന്നു. മററു മഹാപാപങ്ങളെ അല്ലാഹു ക്ഷമിക്കു മെങ്കിലും ശിർക്കിനെ നിശ്ചയമായും അവൻ ക്ഷമിക്കു കയില്ല.

3. "മാതാപിതാക്കന്മാരെ ബഹുമാനിക്കുക."

മാതാപിതാക്കന്മാരോടു് അനുസരണയുള്ളവരായിരി ക്കണമെന്നും അവരെ സ്നേഹപൂവ്വം ശുശ്രൂഷിക്കണമെന്നും ഇസ്ലാംമതം അനുശാസിച്ചിരിക്കുന്നു. അവർ വാദ്ധക്യത്തെ പ്രാപിച്ചാൽ അവരോടു കഠിനവാക്കുകൾ പറയുകയോ, അവരോടു കോപത്തോടുകൂടി പെരുമാറുകയോ ചെയ്യുവാൻ പാടില്ല. നമ്മെ വാത്സല്യത്തോടുകൂടി രക്ഷിച്ചുവളത്തിയ വരാണു് അവർ. ആ വിചാരം എപ്പോഴും നമ്മുടെ ഹൃദ യത്തിൽ ഉണ്ടായിരിക്കണം. ലോകപരിചയം സിദ്ധിച്ച അവർ നമ്മുടെ തെററുകളെ ചൂണ്ടിക്കാണിച്ചു ഗുണദോഷി ക്കുന്നതിൽ കുണ്ഠിതപ്പെടേണ്ടതില്ല. വിനയപുരസ്സരം അവരെ അനുസരിക്കുകയാണു നമ്മുടെ കടമ.

എന്നാൽ ഒരു സംഗതിയിൽമാത്രം മാതാപിതാക്കന്മാരുടെ ഉപദേശത്തെ അനുസരിക്കേണ്ടതില്ലെന്നു ഖുർആനിൽ വ്യക്തമാക്കിയിരിക്കുന്നു. അല്ലാഹു കല്പിച്ചിട്ടുള്ളതു് ഇപ്രകാരമാണു്: "നിനക്കറിവില്ലാത്ത ഏതിനെയെങ്കിലും എനിക്കു തുല്യമാക്കി ആരാധിക്കണമെന്നു് (നിൻെറ മാതാപിതാക്കന്മാരായ) അവർ നിന്നെ നിർബ്ബന്ധിക്കുന്നതായാൽ (അക്കാര്യത്തിൽ) നീ അവരെ അനുസരിക്കേണ്ടതില്ല."

നിൻെറ നാഥൻ, തന്നെയല്ലാതെ (മററാരെയും) ആരാധിക്കരുതെന്നും മാതാപിതാക്കൾക്കു നന്മ ചെയ്യണമെന്നും കല്പിച്ചിരിക്കുന്നു. നിൻെറയടുക്കലുള്ള അവരിൽ ഒരാളോ അല്ലെങ്കിൽ അവർ രണ്ടുപേരുമോ വാദ്ധക്യം പ്രാപിക്കുന്നതായാൽ അവരോടു് നിന്ദയുടെ ലാഞ്ചന കലന്ന ശബ്ദംപോലും പുറപ്പെടുവിക്കുകയോ അവരെ ആട്ടി പുറത്താക്കുകയോ ചെയ്യരുതു്. അവരോടു മര്യാദയുള്ള വാക്കുകൾ പറയുക.

അവരോടു് കൃപയോടും താഴ്മയോടും പെരുമാറുക. "എൻെറ നാഥാ! ഞാൻ ശിശുവായിരുന്നപ്പോൾ എന്നെ അവർ (വാത്സല്യപൂർവ്വം) വളർത്തിയതുപോലെ നീ അവർ രണ്ടുപേർക്കും കൃപചെയ്യേണമേ!" എന്നു പ്രാർത്ഥിക്കുക.

4. "തിന്മ ചെയ്യാതിരിക്കുക."

ഒരു കടുകിൻെറ അളവിൽമാത്രമേ തിന്മ പ്രവർത്തിച്ചുള്ളു എങ്കിലും അല്ലാഹു അതിനെ അറിയാതിരിക്കുകയില്ല. മനുഷ്യൻ അതിനെ എത്ര ഗൂഢമായി സൂക്ഷിച്ചിരുന്നാലും അന്ത്യദിനത്തിൽ അല്ലാഹു അതിനെ പ്രത്യക്ഷമാക്കുന്നതും ശിക്ഷ നല്കുന്നതുമാണു്.

5. "നന്മയെ ഉപദേശിക്കുകയും, തിന്മയെ വിരോധിക്കുകയും ചെയ്യുക."

നന്മയെ ഉപദേശിക്കുകയും, തിന്മയെ വിരോധിക്കുകയും ചെയ്യുന്ന ഒരുവൻ അതിനെ സ്വപ്രവൃത്തി മുഖേന

പ്രത്യക്ഷമാക്കിക്കൊടുക്കേണ്ടതാകുന്നു. പ്രവൃത്തി കൂടാതുള്ള പ്രസംഗം ഫലംചെയ്യുന്നതല്ല; അതു് അല്ലാഹു ഇഷ്ടപ്പെടുന്നതുമല്ല. നന്മയെ ഉപദേശിക്കുകയും തിന്മയെ വിരോധിക്കുകയും ചെയ്യേണ്ടതു് ഓരോരുത്തരുടേയും കത്തവ്യമാകുന്നു. റസൂൽ (സ) ഇപ്രകാരം പറഞ്ഞിട്ടുണ്ടു്. "നിങ്ങളിലൊരാരം ഒരു ദുഷ്കൃമ്മം കണ്ടാൽ അതിനെ കൈകൊണ്ടു തടയണം. അഥവാ അതിനു കഴിഞ്ഞില്ലെങ്കിൽ നാവുകൊണ്ടു വിരോധിക്കണം. അതിനും കഴിഞ്ഞില്ലെങ്കിൽ മനസ്സുകൊണ്ടു് അതിനെ വെറുക്കുക. ഇതു് ഈമാനിൽ ഏററവും ശക്തികുറഞ്ഞതാകുന്നു.

6. "അഹംഭാവത്തോടുകൂടി ജനങ്ങളിൽനിന്നും മുഖത്തെതിരിക്കാതിരിക്കുക."

"ഹൃദയത്തിൽ അണുഅളവു് അഹംഭാവമുള്ളവൻ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ല" എന്നും, "അഹങ്കരിച്ചിളകിനടക്കുന്ന ഒരുവൻ എത്രയും ദുഷിച്ചവനാണു്" എന്നും നബി (സ) തിരുമേനി പ്രസ്താവിച്ചിട്ടുണ്ടു്.

7. "ഉറക്കെ സംസാരിക്കാതിരിക്കുക."

ഉറക്കെ സംസാരിക്കുന്നതു് ശ്രോതാവു് ഇഷ്ടപ്പെട്ടു എന്നുവരികയില്ല. ഉച്ചത്തിലുള്ള ശബ്ദം കഴുതയുടെ ശബ്ദത്തെപ്പോലെ വെറുപ്പുണ്ടാക്കുന്നതാകുന്നു. അതിനാൽ തൻെറ അടുക്കലുള്ളവർക്കു് കേരംക്കാവുന്ന വിധത്തിൽ സംസാരിക്കുന്നതാണു് ഉത്തമമായിട്ടുള്ളതു്. എന്നാൽ വല്ല കാരണവശാലും ഉറക്കെ സംസാരിക്കേണ്ടതായി വന്നാൽ അങ്ങനെ ചെയ്യുന്നതിനു് വിരോധമില്ല. വെള്ളിയാഴ്ച 'ജുംഅ'യിലെ ഖുത്തുബ മുതലായതും ഉറക്കെ ഓതാവുന്നതാണു്.

8. "യാഥാത്ഥ്യം ഗ്രഹിക്കാതെ ഒരു കാൎയ്യവും പ്രസ്താവിക്കാതിരിക്കുക."

ഏതൊരു കാൎയ്യത്തെപ്പററിയും അതിനെ സംബന്ധിച്ചുള്ള പൂൎണ്ണമായ അറിവില്ലാതെ സംസാരിക്കരുതു്. കാൎയ്യമറിയാതെ എന്തെങ്കിലും പറയുന്നതായാൽ പല അബദ്ധങ്ങളും സംഭവിക്കും. ലൌകികമായ കാൎയ്യങ്ങളിൽ ഇപ്രകാരമുള്ള പ്രസ്താവനകൾകൊണ്ടു പല ഉപദ്രവങ്ങളേയും നേരിടേണ്ടതായിവരും. എന്നാൽ മതപരമായ കാൎയ്യങ്ങളിലാണെങ്കിൽ അവർ അല്ലാഹുവിൻെറ ശിക്ഷയ്ക്കു പാത്രമാകുന്നതാണു്.

9. "ഓരോ മനുഷ്യനേയും അയാളുടെ സ്ഥിതിക്കനുസരണമായവിധം ബഹുമാനിക്കുക."

മാതാപിതാക്കന്മാർ, ഗുരുഭൃത്യന്മാർ, സ്നേഹിതന്മാർ, കുടുംബാംഗങ്ങൾ മുതലായവരിൽ ഓരോരുത്തരേയും അവരുടെ സ്ഥാനത്തിനു് ഉചിതമായവിധത്തിൽ വേണം നാം ബഹുമാനിക്കേണ്ടതു്. നബി (സ) ഇപ്രകാരം പറഞ്ഞിരിക്കുന്നു: "നമ്മിൽനിന്നു് വലിയവരെ ബഹുമാനിക്കാത്തവനും നമ്മിൽനിന്നും താഴ്ന്നവരോടു കാരുണ്യം കാണിക്കാത്തവനും നമ്മളിൽപെട്ടവനല്ല."

10. "യാഥാൎത്ഥ്യത്തെ അറിയുക."

യാഥാൎത്ഥ്യത്തെ അറിയാതിരിക്കുന്നവനെ അല്ലാഹുവും മനുഷ്യരും സ്നേഹിക്കുകയില്ല. ഹസ്രത്തു അലി (റ) ഇങ്ങനെ പറഞ്ഞിരിക്കുന്നു: "യാഥാൎത്ഥ്യത്തെ നീ അറിയുക. അപ്പോൾ യാഥാൎത്ഥ്യം സ്ഥിതിചെയ്യുന്നവരെ നിനക്കു് അറിയുവാൻ കഴിയും." ഈ ഉപദേശത്തിൽനിന്നും ഓരോ സംഗതികളുടേയും യാഥാൎത്ഥ്യം ഗ്രഹിക്കേണ്ടതു നമ്മുടെ കടമയാണെന്നു പറയേണ്ടതില്ലല്ലോ.

11. "രഹസ്യത്തെ മറച്ചുവയ്ക്കുക."

മനുഷ്യനു് പല രഹസ്യങ്ങളും അവൻെറ ജീവിതത്തോടു ബന്ധിച്ചുണ്ടായിരിക്കും. അന്യോന്യം ആ രഹസ്യങ്ങൾ പ്രസ്താവിക്കാതിരിക്കുകയാണു വേണ്ടതു്. അതി

നെ വെളിപ്പെടുത്തുന്നതുകൊണ്ടു പല ആപത്തുകളും നേരിടുന്നതാണ്. മനുഷ്യനു മതനിയമമനുസരിച്ചു വെളി പ്പെടുത്താൻ പാടില്ലാത്ത രഹസ്യങ്ങളുമുണ്ടു്. അങ്ങനെ യുള്ള രഹസ്യങ്ങൾ വെളിപ്പെടുത്തുന്നതായാൽ പരലോക ശിക്ഷയ്ക്കു് അവൻ പാത്രമാകുന്നതാണ്.

12. "ഉത്തമനായ സ്നേഹിതനെ തിരഞ്ഞെടുക്കുക."

ഐശ്വര്യത്തിലും സുഖത്തിലും നമ്മിൽനിന്നുള്ള പ്രതിഫലത്തെ ആഗ്രഹിച്ചു കൂട്ടുപിടിക്കുകയും നമുക്കു ദാരി ദ്ര്യമോ ദുഃഖമോ ഉണ്ടാകുമ്പോൾ നമ്മിൽനിന്നകന്നുപോ കയുംചെയ്യുന്ന ഒരുവനെ സ്നേഹിതനായി സ്വീകരിക്കരുതു്. നമ്മുടെ സുഖദുഃഖങ്ങളിൽ ഒന്നുപോലെ പങ്കുകൊള്ളുന്ന ഒരുവനാണ് ഉത്തമസ്നേഹിതൻ.

13. "മഠയന്മാരെയും മൂഢന്മാരെയും കൂട്ടുപിടിക്കാതിരിക്കുക."

ബുദ്ധിശൂന്യന്മാരെയും വിദ്യാവിഹീനന്മാരെയും കൂട്ടു പിടിക്കുന്നതായാൽ നമ്മുടെ ബുദ്ധിക്കു വികാസം കുറഞ്ഞു വരികയും നമുക്കു ലഭിച്ചിട്ടുള്ള വിജ്ഞാനം ക്രമേണ നമ്മെ വിട്ടകലുകയും ചെയ്യും.

14. "ബുദ്ധിമാന്മാരെ സ്നേഹിക്കുകയും അവരുമായി സഹ കരിക്കുകയും ചെയ്യുക."

ബുദ്ധിമാന്മാരുമായി സഹകരിക്കുന്നതുകൊണ്ടു് നമു ക്കു് ലൌകികമായും പാരത്രികമായുമുള്ള പല സംഗതികളു ടേയും യാഥാർത്ഥ്യം ഗ്രഹിക്കുന്നതിനും തദ്വാരാ ലൌകിക മായും ആത്മീയമായും നമുക്കു് ഔന്നത്യം സിദ്ധിക്കുന്നതിനും ഇടയാകുന്നു. നബി (സ) ഇപ്രകാരം പറഞ്ഞിരിക്കുന്നു: "ഒരു മനുഷ്യൻ അവൻെറ സ്നേഹിതൻെറ മതത്തിലാകുന്നു. നിങ്ങളിലൊരുവൻ, ആരോടാണു സഹകരിക്കേണ്ടതെന്നു് അവൻ നോക്കിക്കൊള്ളട്ടെ."

15. "സൽക്കർമ്മങ്ങൾ ചെയ്യുവാൻ ശ്രമിക്കുക."

ഇഹലോകത്തും പരലോകത്തും സൌഭാഗ്യം സിദ്ധിക്കുന്നതിന്ന സൽക്കർമ്മങ്ങൾക്ക് ഒരു ഉന്നതസ്ഥാനമാണുള്ളത്. അതിനാൽ കഴിയുന്നിടത്തോളം സൽക്കർമ്മങ്ങൾ ചെയ്യുന്നതിന് ഓരോ മനുഷ്യനും പരിശ്രമിക്കേണ്ടതാകുന്നു.

16. "സ്ത്രീകളുടെ അഭിപ്രായമനുസരിച്ചു പ്രവർത്തിക്കാതിരിക്കുക."

സ്ത്രീകളുടെ വാക്കുകേട്ടു മുമ്പുംപിന്നും ആലോചിക്കാതെ ഓരോ കാര്യങ്ങൾക്കു ചാടിപ്പുറപ്പെട്ടു് അപഹാസ്യരായി ഭവിച്ചവരുടെ കഥ വിരളമല്ല. 'സ്ത്രീകളോട്ട് ആലോചിക്കുവിൻ. എന്നാൽ അവർ പറയുന്നതിന്ന വിപരീതമായി പ്രവർത്തിക്കുവിൻ' എന്നു മഹത്തുക്കൾ പറഞ്ഞിട്ടുള്ളതു് എത്രയും അർത്ഥവത്താണു്.

17. "പരിചയം സിദ്ധിച്ചിട്ടുള്ള ബുദ്ധിമാന്മാരോടാലോചിച്ചു പ്രവർത്തിക്കുക."

ഏതു കാര്യവും ഗുണദോഷവശങ്ങളെപ്പററി ചിന്തിച്ചല്ലാതെ പ്രവർത്തിക്കരുതു്. ലോകപരിചയം സിദ്ധിച്ചിട്ടുള്ള ബുദ്ധിമാന്മാരുമായി അതിനെപ്പററി ആലോചിച്ച് അവരുടെ അഭിപ്രായം അറിയേണ്ടതു് അത്യന്താപേക്ഷിതമാകുന്നു. അന്യരെ അറിയിക്കാതെ പ്രവർത്തിക്കുന്ന പലതും ദോഷകരമായി പരിണമിക്കാറുണ്ടു്. നബി (സ) യോട്ട് അല്ലാഹു കല്പിച്ചിട്ടുള്ളതു് "കാര്യങ്ങളിൽ അവരോട്ട് (സഹാബികളോട്ട്) നീ ആലോചിക്കുക." എന്നാകുന്നു. ഇതുകൊണ്ടു്, ഒരു കാര്യം അന്യരുമായി ആലോചിച്ചു പ്രവർത്തിക്കേണ്ടതിൻെറ ആവശ്യം എത്രത്തോളം പ്രാധാന്യമേറിയതാണെന്നു ഗ്രഹിക്കാവുന്നതാണു്. മനുഷ്യർ മൂന്നുവിധത്തിലാകുന്നു. (1) തൻെറ ബുദ്ധികൊണ്ടു് ആലോചിക്കുകയും, മററു് അനുഭവസ്ഥന്മാരുടെ അഭിപ്രായത്തെ സ്വീകരിക്കുകയും ചെയ്യുന്നവൻ; അവൻ ഉത്തമനും പൂർണ്ണനുമാകുന്നു. (2) അന്യരോടാലോചിക്കാതെ സ്വാഭിപ്രായ

മനുസരിച്ചു പ്രവൎത്തിക്കുന്നവൻ; അവൻ മദ്ധ്യമനും അപൂൎണ്ണനുമാകുന്നു. (3) അന്യരോടാലോചിക്കാതെയും സ്വയം ചിന്തിക്കാതെയും പ്രവൎത്തിക്കുന്നവൻ; അവൻ അധമനാകുന്നു.

18. "യാതൊരു രേഖയും കൂടാതെ ഒരു സംഗതിയും സംസാരിക്കരുതു്."

ലൌകികമായ കാൎയ്യങ്ങളെപ്പററി സംസാരിക്കുമ്പോൾ സത്യത്തേയും ന്യായത്തേയും ആധാരമായി സ്വീകരിക്കേണ്ടതാകുന്നു. സത്യവും ന്യായവും വിട്ടുള്ള പ്രസ്താവനകൾ പൊതുജനദൃഷ്ടിയിൽ സ്വീകാൎയ്യമായിത്തീരുന്നതല്ല. മതത്തെ സ്പൎശിക്കുന്ന ഏതൊരു സംഗതിയും ഖുൎആനിനേയോ, ഹദീസിനേയോ, സഹാബത്തിൻെറ ഐകകണ്ഠ്യേനയുള്ള അഭിപ്രായത്തേയോ, ഖിയാസിനേയോ ആധാരമാക്കി വേണം സംസാരിക്കേണ്ടതു്. അപ്രകാരമല്ലാതുള്ള അഭിപ്രായങ്ങൾ മതദൃഷ്ട്യാ പരിത്യാജ്യമാകുന്നു. നബി (സ) ഇപ്രകാരം പറഞ്ഞിരിക്കുന്നു: "നിങ്ങളിൽ രണ്ടു കാൎയ്യങ്ങളെ അവശേഷിപ്പിച്ചിരിക്കുന്നു. അവ രണ്ടും സ്വീകരിക്കുന്നതുകൊണ്ടു നിങ്ങൾ വഴിതെററിപ്പോകയില്ല. അവ അല്ലാഹുവിൻെറ കിത്താബും, റസൂലിൻെറ സുന്നത്തുമാകുന്നു."

19. "യൌവ്വനകാലത്തെ, അപഹരണസ്വത്തുപോലെ കരുതുക."

ഐഹിക-പാരത്രികജീവിതങ്ങൾക്കു വേണ്ട കാൎയ്യങ്ങൾ അതാതിൻെറ നിയമമനുസരിച്ചു പ്രവൎത്തിക്കുന്നതിനുള്ള സന്നദ്ധതയും കഴിവും യൌവ്വനകാലത്താണു് ഉള്ളതു്. വാൎദ്ധക്യത്തോടടുക്കുന്തോറും ശക്തിയും സാമൎത്ഥ്യവും കുറഞ്ഞുവരികയും വാൎദ്ധക്യംപ്രാപിക്കുമ്പോൾ തീരെ അശക്തനായിത്തീരുകയും ചെയ്യുന്നതുകൊണ്ടു് യൌവ്വനകാലത്തു തന്നെ ഉന്നതിക്കുവേണ്ടി പ്രവൎത്തിക്കേണ്ടതാകുന്നു. ആ കാലം അപഹരണസ്വത്തുപോലെ മാത്രമേ നമ്മോടു

ബന്ധപ്പെട്ടുന്നുള്ളൂ എന്ന സംഗതി വിസ്മരിക്കരുതു്. നബി (സ) പറഞ്ഞിട്ടുള്ളതു നോക്കുക. "മരണത്തിന്നുമുമ്പുള്ള ജീവിതകാലത്തേയും, രോഗത്തിന്നുമുമ്പുള്ള ആരോഗ്യാവസ്ഥയേയും, വാൎദ്ധക്യത്തിന്നുമുമ്പുള്ള യൌവ്വനകാലത്തേയും, ദാരിദ്ര്യത്തിന്നുമുമ്പുള്ള ഐശ്വൎയ്യത്തേയും, ജോലിയിൽ ഇടപെടുന്നതിന്നുമുമ്പുള്ള വിശ്രമകാലത്തേയും നീ കാര്യമായി ശ്രദ്ധിക്കേണ്ടതാണു്."

20. "ശത്രുക്കളോടും മിത്രങ്ങളോടും മുഖപ്രസന്നതയോടു കൂടി പെരുമാറുക."

ശത്രുവിനോടു ദുൎമ്മുഖം കാണിക്കുന്നതായാൽ ഇരുകൂട്ടരിലും ശത്രുത്വം വൎദ്ധിച്ചുവരുന്നതല്ലാതെ അതു നീങ്ങുന്നതല്ല. അപ്രകാരമുള്ള ശത്രുത്വം പ്രതിക്രിയ മുതലായ ഹീനകൃത്യങ്ങൾക്കു മനുഷ്യനെ പ്രേരിപ്പിക്കും. നേരെമറിച്ചു ശത്രുവിനോടു നാം സന്തോഷപൂൎവ്വം പെരുമാറുന്നതായാൽ അവന്നു് ശത്രുത പുലൎത്താൻ കഴിവില്ലാതെ വരും. അങ്ങനെ സൗഹാൎദ്ദപരമായ അന്തരീക്ഷത്തിൽ നമ്മെ എത്തിക്കുന്നതിന്നു് നിഷ്കപടമായ മുഖപ്രസന്നതയ്ക്കു കഴിവുണ്ടു്. ഐഹികമായ ആപത്തുകളിൽനിന്നും അതു നമ്മെ രക്ഷിക്കുകയും ചെയ്യും.

21. "വരവിനനുസരിച്ചു ചെലവുചെയ്യുക."

വരവിൽ കൂടുതലായി ചെലവുചെയ്യാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാകുന്നു. അമിതമായി ചെലവുചെയ്തുതുടങ്ങിയാൽ അന്യനു കടപ്പെടേണ്ടിവരികയും തന്മൂലം ക്ലേശങ്ങൾ ഓരോന്നായി നമ്മെ വലയംചെയ്തുതുടങ്ങുകയും ചെയ്യും. ധനവിനിമയത്തിൽ നാം ഏതു നയമാണു് അവലംബിക്കേണ്ടതു് എന്നുള്ളതു താഴെ പറയുന്ന ഖുർആൻവാക്യത്തിൽനിന്നും ഗ്രഹിക്കാവുന്നതാണു്.

"നിൻെറ കൈകളെ പിടലിയിൽ കെട്ടപ്പെട്ടതാക്കരുതു്. എന്നാൽ ആ കൈകളെ മുഴുക്കെ നീ തുറക്കുകയും

ചെയ്യരുത്. ഇവ രണ്ടിൻേറയും മദ്ധ്യാവസ്ഥയെ തിരഞ്ഞെടുക്കുകയും പ്രവൎത്തിക്കുകയും ചെയ്യുക."

പ്രവാചകശ്രേഷ്ഠനായ നബി (സ) നമ്മോട്ട് ഉപദേശിച്ചിട്ടുള്ളതു നോക്കുക. ഒരുവൻ അവൻെറ സ്ഥിതിക്കനുസരിച്ച് ചെലവുചെയ്യാതിരുന്നാൽ ആക്ഷേപാൎഹനായിത്തീരുമെന്നും എന്നാൽ മുഴുക്കെ ചെലവുചെയ്യുന്നതായാൽ പശ്ചാത്തപിക്കാൻ ഇടവരുമെന്നുമാണ് അദ്ദേഹം പറഞ്ഞിട്ടുള്ളതു്. ഏതു കാൎയ്യത്തിലും മദ്ധ്യനിലയെ സ്വീകരിക്കണമെന്നും നബി (സ) നമുക്ക് ഉൽബോധനം നൽകിയിട്ടുണ്ട്. അതിനാൽ ലൌകികമായോ പാരത്രികമായോ ഉള്ള ഏതൊരു കാൎയ്യങ്ങളിലും മദ്ധ്യനില സ്വീകരിക്കുന്നതാണ് ഉത്തമം.

22. "അതിഥിയെ മാന്യമായ നിലയിൽ ഉപചരിക്കുക."

അതിഥിയെ യഥോചിതം ബഹുമാനിക്കുകയും സന്തോഷിപ്പിക്കുകയും ചെയ്യണം. വിരുന്നുകാരനു വെറുപ്പുണ്ടാക്കുന്ന വാക്കുകളോ പ്രകടനങ്ങളോ യാതൊരുവിധത്തിലും പ്രത്യക്ഷപ്പെടുത്തരുത്. അതിഥിയെ സല്ക്കരിക്കുകയെന്നതു നബി (സ) യുടെ സുന്നത്തുകളിൽ പ്രധാനമായ ഒന്നാകുന്നു. "നിങ്ങൾ അന്യോന്യം സല്ക്കരിക്കുവിൻ. അതു നിങ്ങളുടെയിടയിൽ സ്നേഹത്തെ സ്ഥായിയായി നിലനിൎത്തുന്നതാണ്" എന്ന് അദ്ദേഹം പറഞ്ഞിരിക്കുന്നു.

23. "ശരീരത്തേയും വസ്ത്രങ്ങളേയും ശുദ്ധമാക്കി വയ്ക്കുക."

ആന്തരമായ ശുദ്ധിക്കു ബാഹ്യമായ ശുദ്ധി അവശ്യം വേണ്ടതാകുന്നു. നമ്മുടെ ശരീരത്തേയും നാം ധരിക്കുന്ന വസ്ത്രങ്ങളേയും ശുദ്ധമാക്കി വയ്ക്കുന്നതായാൽ ബാഹ്യമായ ശുദ്ധിക്ക് അതു മതിയാകുന്നതാണ്. "ഇസ്ലാം ശുചിത്വത്തിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നു" എന്നും "ശുചി യഥാൎത്ഥവിശ്വാസത്തിൻെറ അൎദ്ധമാകുന്നു" എന്നും നബി (സ) പറഞ്ഞിട്ടുള്ളതിൽനിന്നും ശരീരത്തെയും വസ്ത്രത്തെയും ശുദ്ധമാക്കിവയ്ക്കേണ്ടതിൻെറ ആവശ്യം സ്പഷ്ടമാകുന്നു.

24. "സന്താനങ്ങാംക്ക് അറിവും, മര്യാദകളും അഭ്യസിപ്പിക്കുക."

സന്താനങ്ങളുടെ ജ്ഞാനാഭിവൃദ്ധിക്കും സംസ്കാരോന്നമനത്തിനുംവേണ്ടി പ്രയത്നിക്കേണ്ടതു് മാതാപിതാക്കന്മാരുടെ അതിപ്രധാനമായ കടമയാകുന്നു. "നിങ്ങാം നിങ്ങളുടെ സന്താനങ്ങാംക്ക അറിവിനേയും മര്യാദയേയും കൈയെഴുത്തിനേയും പഠിപ്പിക്കുക." എന്നു് നബി (സ) ഉപദേശിച്ചിരിക്കുന്നു. കുതിരസ്സവാരി, വെള്ളത്തിൽ നീന്തൽ, ഖുർആൻ ഇവയെ പഠിപ്പിക്കുന്നതു സംബന്ധിച്ചു പല ഹദീസുകളും വന്നിട്ടുണ്ടു്.

25. "വലതുവശത്തിനു പ്രാധാന്യം കല്പിക്കുക."

ചെരിപ്പിടുന്നതു് ആദ്യം വലതുകാലിൽ ആയിരിക്കണം. അതുപോലെതന്നെ വലതുകാൽ മുൻപിൽ വച്ചായിരിക്കണം മസ്ജിദിലും മററും കടക്കേണ്ടതു്. വലതുവശത്തേയ്ക്കു് വസ്ത്രം ധരിക്കുകയും വലതുകൈകൊണ്ടു് എടുത്തു ഭക്ഷിക്കുകയും ചെയ്യേണ്ടതാകുന്നു.

26. "രാത്രികാലങ്ങളിൽ സംഭാഷണം ചെയ്യുമ്പോാം പതുക്കെ സംസാരിക്കുക."

പകൽസമയത്തുള്ള ശബ്ദകോലാഹലങ്ങളെല്ലാം രാത്രിയാകുന്നതോടുകൂടി കുറഞ്ഞുവരികയും അർദ്ധരാത്രിയോടുകൂടി അന്തരീക്ഷം നിശ്ശബ്ദാവസ്ഥയെ പ്രാപിക്കുകയും ചെയ്യുന്നു. അങ്ങനെ നിശ്ശബ്ദമായിരിക്കുന്ന സമയങ്ങളിൽ പകൽ സംസാരിക്കുന്നത്ര ശബ്ദം ഉണ്ടാക്കേണ്ട ആവശ്യമില്ല. അന്യർ നമ്മുടെ സംഭാഷണം ശ്രദ്ധിക്കുന്നതിനും തന്നിമിത്തം പല വിഷമങ്ങളും സംഭവിക്കുന്നതിനും ഇടയാകയും ചെയ്യാൻ എളുപ്പമുണ്ടു്.

27. "പകൽ സമയങ്ങളിൽ സംഭാഷണം ചെയ്യുമ്പോാം ചുററുപാടും ശ്രദ്ധിക്കുക."

അന്യർ കേൾക്കുന്നതുനിമിത്തം വല്ല ദോഷവും സംഭവിക്കാവുന്ന കാര്യങ്ങളെപ്പററി സംസാരിക്കുന്നതു് ചുററുപാടും സൂക്ഷിച്ചിട്ടു വേണ്ടതാകുന്നു.

28. "മിതമായ ഭക്ഷണം, മിതമായ സംഭാഷണം, മിതമായ നിദ്ര എന്നിവയെ അനുകരിക്കുക."

അമിതഭക്ഷണത്താൽ മനുഷ്യന് അലസതയും ക്ഷീണവും ബുദ്ധിമാന്ദ്യവും നേരിടുകയും നിദ്രചെയ്യുന്നതിനുള്ള ഔത്സുക്യം വദ്ധിക്കുകയും ചെയ്യും. ആത്മീയമായും ലൌകികമായുമുള്ള സവ്വപുരോഗതിക്കും പ്രതിബന്ധമായി അലസത അവനെ നാശഗത്തത്തിൽ നിപതിപ്പിക്കുകയും ചെയ്യാതിരിക്കുകയില്ല.

29. "നിങ്ങൾ ഇഷ്ടപ്പെടാത്ത സാധനങ്ങളെ മററുള്ളവർ ഇഷ്ടപ്പെടുമെന്നു വിചാരിച്ചു കൊടുക്കരുതു്."

"നിങ്ങൾ ഇഷ്ടപ്പെടുന്നതിൽനിന്നും ചെലവുചെയ്യുന്നതുവരെ നിങ്ങൾ നന്മയെ പ്രാപിക്കുകയില്ല" എന്നു വിശുദ്ധ ഖുർആനിൽ പ്രസ്താവിച്ചിരിക്കുന്നു. "ഒരുവൻ തനിയ്ക്കിഷ്ടപ്പെടുന്ന സാധനത്തെ തൻെറ സഹോദരനും ഇഷ്ടപ്പെടുന്നതുവരെ അവൻെറ ഈമാൻ പൂണ്ണമാകുന്നതല്ല." എന്നു നബി (സ) യും ഉപദേശിച്ചിട്ടുണ്ടു്.

30. "ഏതു കാര്യവും നല്ലതുപോലെ ആലോചിച്ചു പ്രവത്തിക്കുക."

31. "തനിക്കു് അറിവില്ലാത്ത സംഗതിയിൽ അറിവുണ്ടെന്നു നടിക്കരുതു്."

ഏതു സംഗതിക്കും അതിനെപ്പററിയുള്ള അറിവു് സമ്പാദിച്ചിരിക്കേണ്ടതാകുന്നു. അപ്രകാരമുള്ള അറിവു് ഇല്ലാതെ അതുണ്ടെന്നു ഭാവിക്കുന്നവൻ അവൻെറ പരാജയത്തെ സമ്മതിക്കേണ്ടിവരികയും പൊതുജനദൃഷ്ടിയിൽ പരിഹാസ്യനായിത്തീരുകയും ചെയ്യും. "ഒരുത്തൻെറ അറി

വിൽ പകുതിഭാഗവും, എനിക്കറിഞ്ഞുകൂടാ എന്നു പറയുന്നതാകുന്നു" എന്ന് ഹ: ഉമർ (റ) പ്രസ്താവിച്ചിരിക്കുന്നു.

32. "സ്ത്രീകളോടും കുട്ടികളോടും രഹസ്യകാര്യങ്ങൾ പറയരുത്."

അവർക്ക് രഹസ്യത്തെ സൂക്ഷിക്കുവാനുള്ള മനശ്ശക്തിയില്ല. കാര്യങ്ങളുടെ ഗുരുലഘുത്വങ്ങളും അവർ ചിന്തിച്ചെന്നു വരികയില്ല. അവർ ഉദ്ദേശിക്കാതെതന്നെ സംഗതികൾ പറഞ്ഞുപോകുന്നതു സാധാരണമാകുന്നു.

33. "കാര്യലാഭത്തിനുവേണ്ടി ആരെയും സ്നേഹിക്കരുത്."

ഉദ്ദേശത്തിനു വിപരീതം സംഭവിക്കുന്നപക്ഷം അതു വലുതായ ക്ലേശത്തിനു കാരണമാകും.

34. "നിസ്സാരന്മാരിൽനിന്നും വ്യഭിചാരസന്താനങ്ങളിൽനിന്നും പ്രയോജനത്തെ ആഗ്രഹിക്കരുത്."

35. "ഗുണദോഷഫലത്തെ ചിന്തിക്കാതെ ഏതും പ്രവർത്തിക്കാതിരിക്കുക."

ഒരു കാര്യം പ്രവർത്തിച്ചശേഷം അതിൽനിന്നുണ്ടായ ദോഷത്തെപ്പററി ചിന്തിക്കുന്നതുകൊണ്ടോ ദുഃഖിക്കുന്നതുകൊണ്ടോ പ്രയോജനമില്ല. പ്രവർത്തിക്കുന്നതിനുമുമ്പ് അതിനെപ്പററി നല്ലതുപോലെ ആലോചിച്ചു പ്രവർത്തിക്കുന്നതായാൽ കഷ്ടനഷ്ടങ്ങൾക്കിടയാകാതെ കഴിക്കാവുന്നതാണ്.

36. "താൻ ഒരിക്കലും ചെയ്തിട്ടില്ലാത്ത സംഗതിയെ നിസ്സാരമായി വിചാരിക്കരുത്."

പ്രവർത്തിച്ചാലല്ലാതെ ഏതൊരു കാര്യത്തിൻേറയും വിഷമം മനസ്സിലാക്കാവുന്നതല്ല. ആരംഭത്തിൽ നിസ്സാരമെന്നു തോന്നുന്ന പല കാര്യങ്ങളും വിഷമത്തോടുകൂടിയല്ലാതെ നിർവ്വഹിക്കുവാൻ കഴിയാതെവരുന്നതു് സാധാരണ സംഭവമാകുന്നു.

37. "ഒരു കാൎയ്യവും പരിചയിക്കാതെ ചെയ്യാമെന്നു വാദിക്കരുതു്."

ആ വാദം അപൂൎണ്ണതയ്ക്കും കഷ്ടനഷ്ടത്തിനും കാരണമാകുന്ന ഒന്നാകുന്നു.

38. "ഇന്നു ചെയ്യേണ്ട കാൎയ്യത്തെ നാളത്തേയ്ക്കു മാററി വയ്ക്കരുതു്. നാളെ ചെയ്യുവാനുള്ളതു് ഇന്നു ചെയ്യുകയുമരുതു്."

അല്ലാഹ്ഹുവും അവൻെറ റസൂലും എല്ലാ സംഗതികൾക്കും കൃത്യസമയം നിശ്ചയിച്ചിരിക്കുന്നു. അതുകൊണ്ടു് നാം ഓരോ സംഗതികളും അതതിൻെറ ക്ലിപ്തസമയങ്ങളിൽതന്നെ ചെയ്യേണ്ടതാകുന്നു.

39. "തന്നിൽ കൂടുതൽ പ്രായമുള്ളവരോടു കളിവാക്കുകൾ പറയരുതു്."

40. "മഹത്തുക്കളോടു കഠിനവാക്കു പറയരുതു്."

41. "ഭൂരിപക്ഷാഭിപ്രായത്തെ ആദരിക്കുകയും പിന്തുടരുകയും ചെയ്യുക."

'ഭൂരിപക്ഷത്തെ നിങ്ങൾ തുടരുവിൻ' എന്നു നബി (സ) ഉപദേശിച്ചിരിക്കുന്നു. ഭൂരിപക്ഷാഭിപ്രായത്തെ എതിൎക്കുന്നവൻ ആക്ഷേപാൎഹനായിത്തീരാതിരിക്കുകയില്ല എന്നുള്ളതു് എപ്പോഴും ഓൎമ്മിക്കേണ്ട സംഗതിയാകുന്നു.

42. "പാമരന്മാരോടും തന്നിൽനിന്നും താഴ്ന്നനിലയിലുള്ളവരോടും കളിവാക്കു പറയരുതു്."

അപ്രകാരം കളിവാക്കു പറയുന്നതായാൽ നിങ്ങളെക്കുറിച്ചു് അവൎക്കുള്ള ബഹുമാനവും ഭയവും ഇല്ലാതാകുന്നതാണു്.

43. "എന്തെങ്കിലും ആവശ്യപ്പെട്ടുകൊണ്ടു നിന്നെ സമീപിക്കുന്നവനെ ആദരിക്കുക."

എന്തെങ്കിലും ആവശ്യപ്പെട്ടുകൊണ്ട് നിന്നെ സമീപിക്കുന്നവരെ യഥാശക്തി സഹായിക്കേണ്ടതാണ്. അങ്ങനെ നീ ചെയ്യുന്നില്ലെങ്കിൽ അല്ലാഹു നിന്നെ ഇഷ്ടപ്പെടുന്നതല്ല.

44. "കഴിഞ്ഞുപോയ കാര്യത്തെക്കുറിച്ചു ക്ലേശിക്കരുത്."

45. "തന്നത്താൻ ചെയ്യാൻ കഴിയുന്ന സൽക്കർമ്മങ്ങളിൽ മററുള്ളവരുടെ സഹായമർത്ഥിക്കരുത്."

46. "നിൻെറ മുതലിനെ സ്നേഹിതന്മാരെയോ ശത്രുക്കളെയോ കാണിക്കരുത്."

ശത്രുക്കൾ കാണുന്നതായാൽ ഏതെങ്കിലും കൌശലം പ്രയോഗിച്ച് അതിനെ അപഹരിക്കുന്നതിനു ശ്രമിക്കും. മിത്രങ്ങൾ കാണുന്നതായാൽ അവർ നമ്മുടെ ശത്രുക്കളായിത്തീരും.

47. "കുടുംബാംഗങ്ങളോടുള്ള കടമയെ നിറവേററുക."

കുടുംബാംഗങ്ങളോടുള്ള കടമയെ അവഗണിക്കുന്നവനു് അല്ലാഹുവിൻെറയും റസൂലിൻെറയും അതൃപ്തിയും ജനങ്ങളിൽനിന്നുള്ള ദുഷ്പേരും ഉണ്ടാകും. "നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുവിൻ. യാതൊരു വസ്തുവിനെയും അവനോടു സാമ്യപ്പെടുത്തരുത്. മാതാപിതാക്കൾക്കും കുടുംബാംഗങ്ങൾക്കും നിങ്ങൾ നന്മചെയ്യുവിൻ." എന്നു ഖുർആനിൽ പ്രസ്താവിച്ചിരിക്കുന്നു.

48. "പരദൂഷണം ചെയ്യരുത്".

'പരദൂഷണം വ്യഭിചാരത്തെക്കാൾ ഏററവും കഠിനമായതാകുന്നു' എന്നു് നബി (സ) പറഞ്ഞപ്പോൾ സഹാബികൾ ചോദിച്ചു. 'അല്ലാഹുവിൻെറ പ്രവാചകാ! പരദൂഷണം വ്യഭിചാരത്തെക്കാൾ കഠിനമായതും ദൂഷിച്ചതും ആയതെങ്ങനെയാണു്?' അദ്ദേഹം പറഞ്ഞു: 'വ്യഭിചാരകൻ പശ്ചാത്തപിച്ചു പിൻതിരിയുന്നതായാൽ അവൻെറ പാപം മാപ്പുചെയ്യപ്പെടുന്നതാണ്. എന്നാൽ പരദൂഷണം

ചെയ്യുന്നവൻ പശ്ചാത്തപിച്ചാലും, ആരെക്കുറിച്ച് അവൻ ദൂഷിച്ചുവോ അവൻ പൊരുത്തപ്പെടുന്നതുകൊണ്ടല്ലാതെ ഒരിക്കലും അവൻെറ പാപം പൊറുക്കപ്പെടുകയില്ല. നിങ്ങളിലൊരുവൻ മറെറാരുവനെ ദൂഷിക്കരുത്. പറയുന്നവനെപ്പോലെതന്നെയാകുന്നു കേൾക്കുന്നവനും. പാപംചെയ്യുന്നതിൽ ഒരു വാക്കുകൊണ്ടെങ്കിലും സഹായിച്ചാൽ ആ സഹായിച്ചവനും ചെയ്യുന്നവനും കുററത്തിൽ സമന്മാരാകുന്നു.'

49. "ആവശ്യത്തിലധികം സംസാരിക്കരുത്."

ഏതുകാര്യത്തെ സംബന്ധിച്ചായാലും ശ്രോതാക്കളെ മുഷിപ്പിക്കത്തക്കവിധം ദീർഘമായി സംസാരിക്കുന്നതു നന്നല്ല. വളച്ചുകെട്ടുകൾ കൂടാതെ കാര്യം ഗ്രഹിപ്പിക്കുകയാണു വേണ്ടതു്.

50. "അന്യന്നു വ്യസനമോ വെറുപ്പോ ഉണ്ടാകുന്ന ഒരു വാക്കും പറയരുതു്."

അസ്ത്രമേററുണ്ടാകുന്ന ഒരു മുറിവ് കാലക്രമേണ മാഞ്ഞുപോയെന്നുവരും. എന്നാൽ ക്രൂരമായ വാക്കുകൾ തറച്ചു ഹൃദയത്തിലുണ്ടാകുന്ന മുറിവ് യാതൊരുവിധമായ പ്രതിവിധികളാലും മാഞ്ഞുപോകുന്നതല്ല.

51. "അഹംഭാവം നടിക്കരുതു്."

"ഒരുവൻെറ ഹൃദയത്തിൽ അണുവോളം അഹംഭാവമുണ്ടായിരുന്നാൽ അവൻ സ്വർഗ്ഗത്തിൽ കടക്കുകയില്ല." എന്നു നബി (സ) പറഞ്ഞിരിക്കുന്നു. അല്ലാഹു മനുഷ്യൻെറ അഹംഭാവത്തെ ഇഷ്ടപ്പെടുന്നില്ല എന്നുള്ളതിന്നു് താഴെ പറയുന്ന ഹദീസു തെളിവായിരിക്കുന്നു. "വ്യഭിചാരകനായ വൃദ്ധൻ, കളവുപറയുന്ന രാജാവു്, അഹംഭാവിയായ ദരിദ്രൻ ഈ മൂന്നുപേരോടും അല്ലാഹു അന്ത്യദിനത്തിൽ സംസാരിക്കുന്നതല്ല. അവരെ ശുദ്ധിയാക്കുകയോ,

14358

അവരെ നോക്കുകയോ ചെയ്യുന്നതുമല്ല. അവക്ക് വേദനാകരമായ ശിക്ഷയുണ്ടായിരിക്കും."

52. "നിൻെറ നമസ്കാരങ്ങളെ ജമാഅത്തായി നമസ്കരിക്കുക."

ഒററയ്ക്കു നമസ്കരിച്ചതിനുശേഷം ജമാഅത്തായി നമസ്കരിക്കുന്നതു കണ്ടാൽ അവരോടുചേന്ന് ആ നമസ്കാരത്തെ വീണ്ടും ചെയ്യാവുന്നതാകുന്നു. അതിൽ നിനക്കു സുന്നത്തിൻെറ പ്രതിഫലം കിട്ടും. ജമാഅത്തായിട്ടുള്ള ഒരു നമസ്കാരം, ഒററയ്ക്കു് 27 പ്രാവശ്യം നമസ്കരിക്കുന്നതിനെക്കാൾ പ്രതിഫലമുള്ളതാകുന്നു.

53. "വിരലുകൊണ്ടു ചൂളം അടിക്കരുതു്."

ചൂളം വിട്ടുകൊണ്ടു നടക്കുന്നതും വിരലുപയോഗിച്ച് ഉച്ചത്തിൽ ചൂളമടിക്കുന്നതും മാന്യന്മാരുടെമുമ്പിൽ ആക്ഷേപാർഹമായ പ്രവൃത്തികളാകുന്നു.

54. "ജനങ്ങളുടെ മുമ്പിൽവച്ചു പല്ലിട കുത്തരുതു്."

ഈ പ്രവൃത്തി മററുള്ളവക്ക് വെറുപ്പുണ്ടാക്കുന്നതാകുന്നു. സദസ്സിൽവച്ച് ഇത്തരം പ്രവൃത്തികൾ ചെയ്യാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

55. "മൂക്കള, കഫത്തോടുകൂടിയ തുപ്പൽ എന്നിവയെ ശബ്ദത്തോടുകൂടി പുറപ്പെടുവിക്കരുതു്."

56. "കോട്ടാവിവിടുമ്പോൾ വായിൽ ഇടതുകൈചേത്തു മറയ്ക്കുക."

കോട്ടാവിവിടുമ്പോൾ ശബ്ദമുണ്ടാക്കുകയോ സമീപത്തിരിക്കുന്നവരുടെമേൽ നമ്മുടെ ശ്വാസംതട്ടാൻ ഇടയാക്കുകയോ ചെയ്യരുതു്.

57. "കൈവിരലുകളെ കോത്തു ഞെട്ടിയൊടിക്കരുതു്."

58. "മൂക്കിനുള്ളിൽ വിരലിടരുതു്."

59. "സദസ്സിലിരുന്നു വിനോദങ്ങൾ പറയരുതു്."

സദസ്സിനോടുള്ള മതിപ്പില്ലായ്മയേയും തൻെറ സ്വാത്ഥ്യത്തെ പ്രദശിപ്പിക്കണമെന്നുള്ള ആഗ്രഹത്തേയും കാണിക്കുന്നതായിട്ടുമാത്രമേ ഈ പ്രവൃത്തിയെ മററുള്ളവർ കരുതുകയുള്ളു.

60. "സഭ്യമല്ലാത്ത വാക്കുകൾ പറയരുതു്."

ചീത്തവാക്കുകൾ പറയുന്നതു് അവൻെറ സംസ്കാരശൂന്യതയേയും ഹീനബുദ്ധിയേയും വെളിപ്പെടുത്തുകയാകുന്നു. നോമ്പുകാരനെ മറെറാരുത്തൻ ചീത്തപറയുന്നതായാൽ ഞാൻ നോമ്പുകാരനാണെന്നു് അവൻ പറഞ്ഞുകൊള്ളട്ടെ എന്നു് നബി (സ) പറഞ്ഞിരിക്കുന്നു.

61. "കണ്ണുകൊണ്ടും പുരികംകൊണ്ടുമുള്ള സൂചനയാൽ അന്യനെ ആക്ഷേപിക്കരുതു്.

62. "പറഞ്ഞ കാര്യത്തെ ആവർത്തിച്ചു പറയരുതു്."

63. "അന്യരെ ചിരിപ്പിക്കുന്ന വാക്കുകൾ പറയരുതു്."

ജനങ്ങളെ ചിരിപ്പിക്കുന്നവനെ അല്ലാഹു നരകത്തിൽ മുഖംകുത്തിക്കുന്നതാണെന്നു് നബി (സ) പറഞ്ഞിരിക്കുന്നു.

64. "തന്നെ സംബന്ധിച്ചോ തൻെറ വീട്ടുകാരെ സംബന്ധിച്ചോ ആരോടും സ്തുതിച്ചുപറയരുതു്."

ആത്മപ്രശംസ ഒരു ദൂഷിച്ച സ്വഭാവമാകുന്നു. തനിക്കില്ലാത്ത ഗുണങ്ങളെ വണ്ണിച്ചുകേട്ടു സന്തോഷിക്കുന്നവനും ഇക്കൂട്ടത്തിൽപെടുന്നു. ഇതു് അവരുടെ വിഡ്ഢിത്വത്തിനുമാത്രമേ പര്യാപ്തമാകുന്നുള്ളു. തന്നത്താൻ പുകഴ്ത്തുന്നവൻ മഠയനാണെന്നു് നബി (സ) പറഞ്ഞിരിക്കുന്നതിൽനിന്നും അതിൻെറ ന്യൂനവശം ഗ്രഹിക്കാവുന്നതാണു്.

65. "സ്ത്രീകളെപ്പോലെ ചമഞ്ഞൊരുങ്ങി നടക്കരുതു്."

നബി (സ) തിരുമേനി ഒരിയ്ക്കൽ തൻെറ വലതുകൈയിൽ പട്ടുതുണിയും, ഇടതുകൈയിൽ സ്വർണ്ണവും വച്ചുകൊ

ണ്ടു് ഇതുരണ്ടും, എൻെറ അനുയായികളിൽ പുരുഷന്മാക്ക വിരോധിക്കപ്പെട്ടതും സ്ത്രീകൾക്ക് അനുവദിക്കപ്പെട്ടതും ആകുന്നു എന്നു് പറയുകയുണ്ടായിട്ടുണ്ടു്. “സ്ത്രീവേഷം ധരിക്കുന്ന പുരുഷന്മാരേയും പുരുഷവേഷം ധരിക്കുന്ന സ്ത്രീകളേയും അല്ലാഹു ശപിക്കുന്നതാണെ”ന്നും നബി (സ) പറഞ്ഞിരിക്കുന്നു.

66. “ഒരു മനുഷ്യനെ അടുത്തറിയുന്നതിനുമുമ്പു് അവനെപ്പററിയുള്ള അഭിപ്രായം രൂപീകരിക്കരുതു്.”

ഒരു മനുഷ്യനെപ്പററി ആരെങ്കിലും നമ്മോടു പറയുന്ന അവസരത്തിൽ അയാളെ സംബന്ധിച്ച നമ്മുടെ അഭിപ്രായം പെട്ടെന്നു രൂപീകരിച്ചുകളയുന്നതു് ഒരു സാധാരണനടപടിയായിത്തീന്നിട്ടുണ്ടു്. നമ്മുടെ അഭിപ്രായത്തിൽ അയാൾ ചിലപ്പോൾ നല്ലവനായും ചിലപ്പോൾ ചീത്തയായും തീരുന്നതു് ശരിയല്ല. ഒരു മനുഷ്യനെ അടുത്തറിയുന്നതിനുമുമ്പു് രൂപീകരിക്കുന്ന അഭിപ്രായം എപ്പോഴും തെററാനാണു് ഇടയുള്ളതു് എന്ന കായ്യം ഓമ്മയുണ്ടായിരുന്നാൽ അപ്രകാരം അഭിപ്രായം രൂപീകരിക്കാൻ ഒരുങ്ങുന്നതല്ല.

67. “കുട്ടികളെ അവരുടെ ഇഷ്ടാനുസരണം നടക്കുന്നതിനു് അനുവദിക്കരുതു്.”

സന്താനങ്ങളെ അതിരുകവിഞ്ഞു ലാളിക്കുകയും അവരുടെ ഇഷ്ടാനുസരണം നടക്കാൻ അനുവദിക്കുകയും ചെയ്യുന്നതായാൽ അവരിൽനിന്നും യാതൊരു നന്മയും മാതാപിതാക്കൾക്കു ലഭ്യമാകയില്ല. അവരുടെ ദോഷവശങ്ങളെ ചൂണ്ടിക്കാണിച്ചു ഗുണദോഷിച്ചും ശരിയായ വിധത്തിൽ വിദ്യ അഭ്യസിപ്പിച്ചും വളത്തുന്നതായാൽ അവർ മാതാപിതാക്കൾക്കു് ഒരു ഭാരമായിത്തീരാതെ മാതൃകാപരമായ ജീവിതം നയിക്കുന്നവരായിത്തീരും.

68. "പാപിയായിത്തീരുന്ന യാതൊരു വാക്കും പറയരുതു്."

കളവുപറയുക, കള്ളസ്സത്യംചെയ്യുക, പരദൂഷണം ചെയ്യുക, ഏഷണികൂട്ടുക മുതലായ സംഗതികൾ പാപഹേതുകവും, മനുഷ്യൻെറ ലൗകികവും പാരത്രികവുമായ സർവ്വനന്മകളേയും നശിപ്പിച്ചുകളയുന്നതുമാകുന്നു. സർവ്വവിധത്തിലുള്ള ആക്ഷേപങ്ങൾക്കും, പ്രത്യേകിച്ചു ശിക്ഷയ്ക്കും കാരണമായിത്തീരുന്ന ഈ ദുർഗ്ഗുണങ്ങളെ സമൂലം 'കൈവെടിയേണ്ടതു് മനുഷ്യൻെറ കടമയാകുന്നു.

69. "കൈകാലുകളേയും പുരികത്തേയും അനക്കിക്കൊണ്ടു സംസാരിക്കരുതു്."

കൈകാലുകൾ പുരികം മുതലായതു ചലിപ്പിച്ചും പല ഗോഷ്ടികൾ കാണിച്ചും ചിലർ സംസാരിക്കുന്നതു നാം കാണുന്നുണ്ടു്. എന്നാൽ ഇപ്രകാരമുള്ള പ്രവൃത്തി ആക്ഷേപാർഹമാണെന്നുള്ളതു് അവർ അറിയുന്നില്ല. അല്പം ശ്രദ്ധിച്ചാൽ ഈവക ഗോഷ്ടികളെ ഉപേക്ഷിക്കാവുന്നതേയുള്ളു.

70. "എല്ലാവരേയും ബഹുമാനിക്കുക; അവർ നിന്നെയും ബഹുമാനിക്കും."

71. "ആരുടേയും മനസ്സിനെ വേദനപ്പെടുത്തരുതു്."

72. "മരിച്ചുപോയവരെ ദൂഷിക്കരുതു്."

അന്യനെ ദൂഷിക്കുന്നതു് മതത്തിൽ വിരോധിക്കപ്പെട്ട സംഗതിയാകുന്നു. ആ സ്ഥിതിക്കു മരിച്ചുപോയവരെപ്പററിയും ദൂഷ്യംപറയാവുന്നതല്ല. കഴിയുന്നതും അവർ വല്ല നന്മയും ചെയ്തിട്ടുണ്ടെങ്കിൽ അതിനെ പറയുകയാണു വേണ്ടതു്.

73. "ആരോടും വൻപുപറയുകയും പിണങ്ങുകയും ചെയ്യരുതു്."

നബി (സ) തിരുമേനി ഇപ്രകാരം പറഞ്ഞിരിക്കുന്നു: "നിങ്ങൾ മററുള്ളവരുടെ വാത്തകളെ ചാരന്മാർ മുഖേന അറിയാൻ ശ്രമിക്കരുത്. മററുള്ളവർ പറയുന്ന സംഗതികൾ കേൾക്കുകയും ചെയ്യരുത്. നിങ്ങൾ പരസ്പരം അസൂയ ഭാവിക്കരുത്. നിങ്ങൾ കച്ചവടച്ചരക്കുകളെ നിരക്കുവിലയിൽ കുറച്ചോ കൂട്ടിയോ വില്ക്കരുത്. നിങ്ങൾ പരസ്പരം കോപിച്ചുപിണങ്ങരുത്. നിങ്ങൾ സഹോദരങ്ങളായി വത്തിക്കുക. അഥവാ വല്ല വഴക്കുകളോ പിണക്കങ്ങളോ ഉണ്ടായാൽമൂന്നു ദിവസത്തിൽ കൂടുതൽ പിണങ്ങിയിരിക്കാൻ പാടുള്ളതല്ല. മൂന്നാംദിവസം ആദ്യമായി കാണുന്നവൻ സലാംപറഞ്ഞു കൊണ്ടു സ്നേഹിക്കേണ്ടതാണു്."

"യാതൊരു സത്യവിശ്വാസിക്കും അവൻെറ സഹോദരനോടു മൂന്നുദിവസത്തിൽ കൂടുതൽ പിണങ്ങിയിരിക്കുന്നതു് അനുവദനീയമല്ല. മൂന്നുദിവസത്തിൽ കൂടുതൽ പിണങ്ങിയിരിക്കുകയും അതോടുകൂടി മരണപ്പെട്ടുപോകയും ചെയ്യുന്നതായാൽ അവൻ നരകാഗ്നിയിൽ പ്രവേശിക്കുന്നതാകുന്നു."

74. "തൻെറ ശക്തിയെ ഒരു സ്ഥലത്തുവച്ചും പരിശോധിക്കരുതു്."

75. "ശത്രുവും മിത്രവും ഇഷ്ടപ്പെടുന്നവിധം പ്രവത്തിക്കുക."

നബി (സ) തിരുമേനിക്കു മക്കാവിജയം സിദ്ധിച്ചപ്പോൾ പൂവ്വശത്രുക്കളോടു് അദ്ദേഹം പകവീട്ടാൻ ഉദ്യമിച്ചില്ല. അദ്ദേഹം മിത്രഭാവേന അവരോടു പെരുമാറുകയും, സവ്വകുററങ്ങളിൽനിന്നും അവർ മോചിതരായിരിക്കുന്നതായി അവരോടു പറയുകയുംചെയ്തു.

76. "ഗുരുക്കന്മാരെ ബഹുമാനിക്കുക."

ഗുരു ആത്മീയപിതാവാകുന്നു. വിവേകത്തേയും ബുദ്ധിയേയും ആത്മീയവളച്ചയേയും ഗുരു ഉണ്ടാക്കിത്തരുന്നു.

77. "നിൻെറ സുഫ്രയിൽ ഭക്ഷണംകഴിച്ച വിരുന്നുകാരനു് നീ കൃതജ്ഞത പ്രകടിപ്പിക്കുക."

78. "യാതൊരു കാൎയ്യത്തിലും ധൃതി കാണിക്കരുതു്."

ധൃതിപ്പെട്ടു ചെയ്യുന്ന പ്രവൃത്തികൾ പൂൎണ്ണമാക്കുവാൻ കഴിയാതെ വരുന്നതു് അനുഭവസിദ്ധമാണു്. എന്നാൽ വിരുന്നുകാരനെ സൽക്കരിക്കുന്നതിലും പ്രായപൂൎത്തിയായ പെൺകുട്ടിയെ വിവാഹംകഴിച്ചുകൊടുക്കുന്നതിലും ധൃതി അനുവദിക്കപ്പെട്ടിരിക്കുന്നു.

79. "ഐഹികസുഖങ്ങൾക്കുവേണ്ടി അതിരുകവിഞ്ഞു പ്രയത്നിക്കരുതു്."

80. "നിന്നെ അറിയുന്നവനെ നീയും അറിയുക."

ഒരുവൻ മറെറാരുവനെ അറിഞ്ഞു ബഹുമാനിക്കുമ്പോൾ അവനെ അറിഞ്ഞു് അങ്ങോട്ടും ബഹുമാനിക്കണമെന്നാകുന്നു ഇതിൻെറ താല്പൎയ്യം. ഗുണവാനായ ഒരു മനുഷ്യൻമാത്രമേ അന്യൻെറ ഗുണഗണങ്ങളെ മനസ്സിലാക്കുകയുള്ളൂ.

81. "കോപം വരുമ്പോൾ മനസ്സിനെ നിയന്ത്രിക്കുക."

നിസ്സാരകാരണങ്ങളിൽപോലും കോപിച്ചു ചുററുപാടു നോക്കാതെ സഭ്യമല്ലാത്ത വാക്കുകൾ പറയുന്നവർ ധാരാളമുണ്ടു്. അവർ മനസ്സിനെ അല്പമൊന്നു നിയന്ത്രിച്ചാൽ ഈ ചിത്തവികാരത്തിൽനിന്നും ഒഴിഞ്ഞുനില്ക്കാൻ അവൎക്കു സാധിക്കും. നബി (സ) തിരുമേനി കോപത്തെ സംബന്ധിച്ചു പറഞ്ഞിട്ടുള്ളതു് ഇപ്രകാരമാണു്: "നിശ്ചയമായും കോപം ശൈത്താനിൽനിന്നും ഉള്ളതാകുന്നു. ശൈത്താൻ അഗ്നികൊണ്ടു് സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. തീ അണയ്ക്കപ്പെടുന്നതു വെള്ളംകൊണ്ടാണു്. അതുകൊണ്ടു് നിങ്ങളിൽ ഒരുത്തനു കോപം ഉണ്ടായാൽ അവൻ അംഗസ്നാനം (വുസൂ) ചെയ്തുകൊള്ളട്ടെ."

82. "ഉടുപ്പിൻെറ കൈകൊണ്ടു തുപ്പൽ തുടയ്ക്കരുതു്."

മൂക്കള തുപ്പൽ എന്നിവയെ ഉടുപ്പിൻെറ കൈകൊണ്ടു തുടയ്ക്കുന്നതു് സംസ്കാരശൂന്യമായ പ്രവൃത്തിയാകുന്നു. ഇപ്രകാരം പ്രവൎത്തിക്കുന്നതു കണ്ടാൽ അവനെ മററുള്ളവർ മനസാ വെറുക്കാതിരിക്കുകയില്ല.

83. "സൂൎയ്യോദയംവരെ നിദ്രചെയ്യരുതു്."

പ്രഭാതത്തിനുമുമ്പു് ഉണൎന്നെഴുന്നേല്ക്കുകയും ദിനകൃത്യങ്ങൾ നിൎവ്വഹിക്കുകയും ചെയ്യുവാൻ പ്രത്യേകം പരിശീലിക്കേണ്ടതാകുന്നു. സൂൎയ്യോദയംവരെ നിദ്രചെയ്യുന്നതു് ആരോഗ്യത്തിനു ഹാനികരമാകുന്നു. മതപരമായും വൈദ്യശാസ്ത്രപരമായും വിരോധിക്കപ്പെട്ടിട്ടുള്ള ഒരു സംഗതിയാണിതു്. രാത്രിയിലെ ഉറക്കത്തിൽ യാതൊരാപത്തും സംഭവിക്കാത്ത നിലയിൽ സുഖംനല്കിയ അല്ലാഹുവിനു കൃതജ്ഞത പ്രകാശിപ്പിക്കുവാൻ മനുഷ്യൻ നിൎബ്ബന്ധിതനായിരിക്കെ അതിനുവേണ്ടിയുള്ള സുബ്ഹ്നമസ്കാരത്തെ അതിൻെറ സമയത്തു് അനുഷ്ഠിക്കാതിരിക്കുന്നതു് മഹാപാപമാകുന്നു. സൂൎയ്യോദയംവരെ നിദ്രചെയ്യുന്ന ഒരുവൻ ഈ മഹാപാപത്തെ സ്വയം കൈയേൽക്കുകയാണു ചെയ്യുന്നതു്.

84. "ജനങ്ങളുടെ മുമ്പിൽവച്ചു് ഒന്നുംതന്നെ ഭക്ഷിക്കരുതു്."

ഭക്ഷണം കഴിക്കുന്നതിനെ ജനങ്ങളുടെ ദൃഷ്ടിയിൽനിന്നും മറച്ചുവയ്ക്കേണ്ടതാണെന്നു നബി (സ) ഉപദേശിച്ചിരിക്കുന്നു.

85. "പാതയിൽ നടക്കുമ്പോൾ മാന്യന്മാരുടെ മുമ്പിലായി നടക്കരുതു്."

86. "ആരെങ്കിലും സംസാരിക്കുമ്പോൾ ഇടയ്ക്കുകയറി സംസാരിക്കരുതു്."

87. "സദസ്സിൽ ഇരിക്കുമ്പോൾ കാൽമുട്ടുകളിൽ തലചായ്ച്ചു ഇരിക്കരുതു്."

ഇതു്, സദസ്സിനോടുള്ള ബഹുമാനമില്ലായ്മയേയും തൻെറ മുഷിഞ്ഞ മനഃസ്ഥിതിയേയും പ്രത്യക്ഷമാക്കുന്നതാണു്.

88. "വഴിയിൽ അങ്ങോട്ടും ഇങ്ങോട്ടും തിരിഞ്ഞുനോക്കി നടക്കാതെ തറയിൽനോക്കി നടക്കുക."

89. "ജീനിയില്ലാതെ കുതിരപ്പുറത്തു സവാരിചെയ്യരുതു്."

90. "അതിഥിയുടെ മുമ്പിൽവച്ചു് ആരോടും കോപിക്കരുതു്."

വിരുന്നുകാരൻ ഒരുപക്ഷേ ഈ പ്രവൃത്തിയെ തെററിദ്ധരിച്ചു എന്നു വന്നേയ്ക്കും.

91. "വിരുന്നുകാരനെക്കൊണ്ടു യാതൊരു പ്രവൃത്തിയും ചെയ്യിക്കരുതു്."

92. "ഭ്രാന്തന്മാരോടും ഉന്മത്തന്മാരോടും സംസാരിക്കരുതു്."

ഭ്രാന്തന്മാരും, മദ്യം മുതലായതു സേവിച്ചു് ഉന്മത്തന്മാരായിട്ടുള്ളവരും വിവേകശൂന്യമായിട്ടേ പെരുമാറുകയുള്ളു. അവരുടെ വാക്കുകൾ അവർ കരുതിക്കൂട്ടി പ്രയോഗിക്കുന്നതല്ലെങ്കിലും അവ ചിലപ്പോൾ നമ്മുടെ മനസ്സിനു വേദനയെ ഉണ്ടാക്കിയെന്നുവരും. അതിനാൽ സ്വബുദ്ധിയില്ലാത്തവരോടു സംസാരിക്കാതിരിക്കുകയാണു വേണ്ടതു്.

93. "ദുർവൃത്തന്മാരോടുകൂടി നടക്കരുതു്."

ദുർവൃത്തന്മാരോടുള്ള കൂട്ടുകെട്ടുകൊണ്ടു് അവരുടെ ദുർഗ്ഗുണങ്ങൾ ക്രമേണ നമ്മിൽ കടന്നുകൂടുകയും നമ്മുടെ സൽഗ്ഗുണങ്ങൾ നമ്മെ വിട്ടകലുകയും ചെയ്യും. ഒരു ശീലം മറെറാരു ശീലത്തെ അപഹരിക്കുമെന്നു മനശ്ശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ടു്.

94. "തുച്ഛമായ ആദായത്തെ ആഗ്രഹിച്ച് അനാവശ്യകാര്യങ്ങളിൽ ഉൾപ്പെടരുത്."

ആദായത്തിലുള്ള അത്യാഗ്രഹംകൊണ്ടു ന്യായത്തെ വിഗണിച്ചു പ്രവൃത്തിക്കുന്നതായാൽ അവൻ പൊതുജനങ്ങളുടെ ദൃഷ്ടിയിൽ നിന്ദ്യനായിത്തീരും. മനുഷ്യൻെറ അത്യാഗ്രഹംകൊണ്ട് ഒന്നുംതന്നെ സാധിക്കുകയില്ല എന്നുള്ളത് പ്രത്യേകം ഓൎക്കേണ്ട സംഗതിയാകുന്നു. അല്ലാഹുവിൻെറ നിശ്ചയപ്രകാരമാണ് ഏതു കാൎയ്യവും സംഭവിക്കുന്നത്.

95. "ശ്രേഷ്ഠത്വം ഭാവിക്കുന്നവനും വീൺവാക്കു പറയുന്നവനും ആകരുത്."

96. "ആരുടേയും ശത്രുവാകരുത്. ആരെയും നിൻെറ ശത്രുവാക്കയുമരുത്."

97. "വഴക്കുകളേയും കുഴപ്പങ്ങളേയും വിട്ട് അകന്നിരിക്കുക."

98. ഒരു സമയത്തും പേനാക്കത്തിയോ വടിയോ കൂടാതെ നടക്കരുത്.

99. "നിൻെറ കഴിവനുസരിച്ചു ജനങ്ങളോടു പെരുമാറുക; ആ പെരുമാററം ജനങ്ങളുടെ മുമ്പാകെ സ്തുത്യൎഹമായിരിക്കുന്നതിനു നീ പരിശ്രമിക്കുക."

100. "താഴ്മയെ ദൃഢമായി കൈക്കൊള്ളുക."

താഴ്മയുള്ളവനെ നിശ്ചയമായും അല്ലാഹു ഉയൎത്തുന്നതാണ്.

---

വിജ്ഞാനപോഷിണിപ്രസ്സ്, കൊല്ലം

KOTTAYAM PUBLIC LIBRARY
KOTTAYAM
Cl. No. M 297 Acc. No. 14353
This book should be returned on or before the date last stamped below.

5 JUL 1988

If the book is not returned on due date a fine of 5 Ps. (Five) per day will be charged

Cl. No. 297
Muh-H

Acc. No. 14353

AUTHOR മുഹമ്മദ് സാഹിബ് (എ).

TITLE ഹസ്രത്ത് ലുക്മാന്റെ നൂറ് ഉപദേശങ്ങൾ.

M
297
Muh-H

14353

മുഹമ്മദ് സാഹിബ് (എ.)

ഹസ്രത്ത് ലുക്മാന്റെ നൂറ് ഉപദേശങ്ങൾ

KOTTAYAM PUBLIC LIBRARY

Call No. M297 Mud-H Acc. No. 143[illegible]3

Author മുഹമ്മദ് സാഹിബ്. എ

Title ഹസ്രത്ത് ലുക്മാന്റെ നൂറ് ഉപദേശങ്ങൾ